



കുരിശിന്റെ നീരവസ്വരം

ഖണ്ഡകാവ്യം

വി. കിളിച്ചിമല

കുരിശിന്റെ നീരവസ്വരം

ഖണ്ഡകാവ്യം



Malayalam

Kurisinte Neerava swaram

Noiceless sound of the Cross

Lyrical Poem

by
V. Kilichimala

First published
December 2000

Copies 1000

Prices Rs. 35/-

Copy right
V. kilichimala

Published by
Vimala Books, Clergy Home,
Pushpagiri, Tiruvalla

Printed at
S. R. Graphics, Kottayam. Ph: 301142

Cover Design
Sanil C.A (S. R. Graphics)

Distributors
Deepika Book House, Kottayam

MARAMON COLLEGE LIBRARY BANGALORE-29

കുരിശിന്റെ നീരവസ്വരം

ഖണ്ഡകാവ്യം

വി. കിളിച്ചിമല

ടിപ്പണി:
തിരുമൂലപുരം നാരായണൻ

വിതരണം
ദീപിക ബുക്ക് ഹൗസ്, കോട്ടയം
വില: 35 രൂപാ

വി. കിളിച്ചിമലയുടെ കൃതികൾ

കുരിശിന്റെ നീരവസ്വരം	(ഖണ്ഡകാവ്യം)
"വഴി, സത്യം, ജീവൻ,"	(ക്രിസ്തുചരിത്രം)
സഭ – ദൈവത്തിന്റെ ജനം	(സഭാശാസ്ത്രം)
എക്യുമെനിസ വിചാരവും മലങ്കരസഭകളുടെ ഡയലോഗും വിഹഗവീക്ഷണം	(ലേഖനങ്ങൾ)
അന്നംപോലെ കുടിച്ചിടൂ	(സാഹിത്യലേഖനങ്ങൾ)
പുലരിപ്പൂക്കൾ	(കവിതാസമാഹാരം)
വി. ജോൺ വിയാനി	(ജീവചരിത്രം)
വി. ബർണദീത്താ	(")
മോൺ. തോമസ് വടശ്ശേരി	(")
മാർ ഈവാനിയോസ്, (ഒരു പഠനം)	
ആദർശദീപങ്ങൾ	(ജീവിതചിത്രീകരണം)
രജതരശ്മികൾ	(")
ഓർമ്മയുടെ ചിത്രശാല	(സ്മരണകൾ)
വിശ്രമവും വിചിന്തനവും	(പ്രബന്ധങ്ങൾ)
എക്യുമെനിസം	(പ്രബന്ധം)
അന്ത്യോക്യയോ റോമയോ	(")
കണ്ണുതുറപ്പിച്ച വട്ടിപ്പണം	(കഥാപ്രസംഗം)
70 വർഷം പുസ്തകപ്രസാധനം	(പ്രബന്ധം)
ഐക്യത്തിന്റെ വിളി	(")
കേരള സഭാചരിത്ര പ്രശ്നങ്ങൾ	(")

അവതാരിക

തിരുമൂലപുരം നാരായണൻ



"നവസഹസ്രാബ്ദത്തിന്റെ ആരംഭത്തിൽ കവിത യുടെ അവസ്ഥ എന്ത്?"

ജീവിത വിദ്യാർത്ഥിയായ ഒരു സാഹിത്യ വിദ്യാർത്ഥി ഇങ്ങനെയൊരു ചോദ്യം തൊടുത്തുവിട്ടാൽ സാഹിത്യാചാര്യന്മാർ രണ്ടാമതൊന്ന് ആലോചിക്കേണ്ടി വരില്ല; ഉടനുത്തരം നല്കും: 'ദുരവസ്ഥ.'

വൃത്തമില്ലായ്മ, അർത്ഥമില്ലായ്മ, ആശയമില്ലായ്മ, മനുഷ്യമന സ്സിനെ ഉന്നമിപ്പിക്കാനും സൽപ്പ്രഥങ്ങളിൽ സഞ്ചരിപ്പിക്കാനും ഉത്തേജനം നല്കുന്ന സന്ദേശമില്ലായ്മ, സംഗീതമില്ലായ്മ – സർവ്വോപരി ദുർഗ്രഹ ത.....

മലയാളകവിത ഇങ്ങനെ 'ഇല്ലായ്മ'കളുടെ ഒരു അന്തരാളഘട്ടത്തിൽ ആണ്. ദുർഗ്രഹത എന്ന ശാപവും പിന്തുടരുന്നു. ഇതുതന്നെ ദുരവസ്ഥ.

കവിത ചൊല്ലാനുള്ളതാണ്, പറയാനുള്ളതല്ല. ചൊല്ലുമ്പോൾ അവൾ സാന്ദ്രസംഗീതത്താൽ ഏറെ ഹൃദയഹാരിണിയാകുന്നു. പറയുമ്പോഴോ; സഹൃദയഹൃദയങ്ങളിൽ അവളോട് വൈരസ്യവും വിദ്വേഷവും ജനിക്കു ന്നു.

കവിത ഈണത്തിലും മാധുര്യത്തിലും ചൊല്ലാൻ ഛന്ദസ് ഉതകു ന്നു. വികാരത്തിന്റെ ഭാഷയായ കവിത ഛന്ദസ്കൃതമായാണ് കവിമന സ്സിൽനിന്നു വാർന്നുവീഴുന്നത്. പൂർവകവികൾ അവ നാരായത്താൽ പനയോലത്താളുകളിൽ എഴുതി. ആധുനികകവികൾ തൂലികകൊണ്ട് കടലാസിൽ എഴുതുന്നു. കവിഹൃദയത്തിൽനിന്ന് വൃത്തബദ്ധമായേ കവിത ഉറവെടുക്കുന്നുള്ളൂ; ഉറവെടുത്തിട്ടുള്ളൂ. നമ്മുടെ ഭാരതീയ പാര മ്പര്യം അതാണ്.

"മാ നിഷാദ പ്രതിഷ്ഠാം ത്വ
അഗമശാശ്വതി സമഃ
യത് ക്രൗഞ്ചമിഥുനാനേക
മവധിഃ കാമമോഹിതം...."

തമസാനദീതീരത്തെ പൂമരക്കൊമ്പിൽ, ഒരു സായംസന്ധ്യയ്ക്ക് കൊക്കും ചിറകുമുരുമ്മി പ്രേമൈകലീലാലോലിതരായിരുന്ന ക്രൗഞ്ച പ്പക്ഷിയുഗ്മത്തിൽ ആൺപക്ഷിക്കു വേടന്റെ ശരമേറ്റ് അത് മണ്ണിൽവീണു

പിടഞ്ഞടിച്ചു ചത്തപ്പോൾ വാല്മീകിക്കുണ്ടായ ഉല്ക്കടശോകം ഉദാത്ത മായ ഒരു ശ്ലോകമായിത്തീർന്നു. ആ ശാപവചസ്സുകൾ ഛന്ദസ്കൃതമാ യാണ് ആ ഹൃദയത്തിൽ നിന്നു നാവിലൂടെ പുറത്തുവന്നത്..... മാ നിഷാദ പ്രതിഷ്ഠാം.....

വൃത്തം അനുഷ്ടുപ്പ്, ആദികാവ്യമായ രാമായണത്തിന്റെ നാന്ദി ശ്ലോകമായിത്തീർന്നു, ആ ശാപവാക്കുകൾ... ഇതാണു നമ്മുടെ ഭാരതീ യപൈതൃകം.

വാല്മീകിക്കു പിന്നാലെവന്ന എല്ലാകവികളും എല്ലാഭാഷയിലും ഛന്ദസ്കൃതമായേ കവിത എഴുതിയിട്ടുള്ളു. ഭാസൻ, ഭവഭൂതി, കാളിദാ സൻ, ദിങ്നാഗൻ, കണ്ണദാസൻ, മൈഥിലി ശരൺ ഗുപ്ത, സുബ്രഹ്മണ്യ ഭാരതി, കബീർദാസ്, എൻ. കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ, നാല പ്പാട്ട് നാരായണമേനോൻ, ജി, പി, വൈലോപ്പിള്ളി, ചങ്ങമ്പുഴ, ഇടപ്പള്ളി, പാലാ, കടമ്മനിട്ട, തിരുനല്ലൂർ, വയലാർ, ഒ. എൻ. വി, പി. ഭാസ്കരൻ, മേരി ബനീഞ്ഞ, ബാലാമണിയമ്മ..... ഈ നിര നീണ്ടതാണ്– ഇവ രെല്ലാംതന്നെ വൃത്തബദ്ധമായി കവിത എഴുതിയവരാണ്, എഴുതുന്നവ രാണ്.

എന്നാൽ അയ്യപ്പപ്പണിക്കർ, ഡി. വിനയചന്ദ്രൻ, ബാലചന്ദ്രൻ ചുള്ളി ക്കാട് , എ. അയ്യപ്പൻ, കരൂർ ശശി, സച്ചിദാനന്ദൻ, കെ. വി. ബേബി ആദി യായവർ കവിതയ്ക്കു വൃത്തം വേണ്ട എന്നു വാദിക്കുന്നവരും വൃത്ത നിരാസം പാലിക്കുന്നവരുമാണ്. കവിതയിലെ ഒരു പരീക്ഷണമാണത്രേ വൃത്തനിരാസവും ദുർഗ്രഹതയും.

ഇതിൽ രണ്ടുപേർ കവ്യപ്രപഞ്ചത്തിൽ കാലുകുത്തുമ്പോൾ വൃത്ത നിരാസക്കാരായിരുന്നില്ല. നീണ്ട ഒരു ഇടവേളയ്ക്കു ശേഷം അവരിരു വർ ഇപ്പോൾ വൃത്തബദ്ധമായി കവിതാരചന ആരംഭിച്ചിരിക്കുന്നു. അവ രത്രേ ബാലചന്ദ്രൻ ചുള്ളിക്കാടും എ. അയ്യപ്പനും.

ശേഷിക്കുന്നവർ അവരുടെ നിലപാടുതറയിൽത്തന്നെ വർത്തി ക്കുന്നു; പരീക്ഷണങ്ങളിലൂടെ നീങ്ങുന്നു, കവിതയ്ക്കു ദുരവസ്ഥ സൃഷ്ടിക്കുന്നു.

വൃത്തം, അലങ്കാരം, തജ്ജന്യമായ ചമൽക്കാരം, ധ്വനി, രസനി ഷ്പത്തി ആദിയായ നമ്മുടെ ഭാരതീയകാവ്യപാരമ്പര്യത്തെ യഥാതഥം പിന്തുടരുന്ന വാസനാനുഗൃഹീതനായ ഒരു കവിയാണ് ഫാ. വി. കിളി ച്ചിമല. ഋഷിയല്ലാത്തവൻ കവിയല്ല (നഃഋഷികവി) എന്നു പണ്ടേ ഭാര തീയ കാവ്യമീമാംസകരും ആലങ്കാരികരും പറഞ്ഞുവച്ചിട്ടുണ്ട്. എന്നാൽ, വി. കിളിച്ചിമല ഋഷിയുമാണ്. ഋഷിതുല്യമായി ജീവിതം നയിക്കുന്ന ഒരു

ക്രൈസ്തവ പുരോഹിതനാണ് അദ്ദേഹം. ഋഷിയും കവിയും ഒരാളിൽത്തന്നെ സംഗമിച്ചിരിക്കുന്നു. തന്മൂലം കാഴ്ചകൾക്കും ഉൾക്കാഴ്ചകൾക്കും ചിന്തകൾക്കും സങ്കല്പങ്ങൾക്കും ദർശനങ്ങൾക്കും സാത്വികത, സംശുദ്ധത, അദ്ധ്യാത്മികത ഇവ കൈവരുക സ്വാഭാവികമല്ലേ?

ഫാ. വി. കിളിച്ചിമല ഒരു കവിയശഃപ്രാർത്ഥിയല്ല; യഥാർത്ഥ, ഉത്തമകവിതന്നെയെന്നതിന് 'കുരിശിന്റെ നീരവസ്വരം' എന്ന ഈ ഖണ്ഡകാവ്യം സാക്ഷ്യംപറയുന്നു.

വൃത്തനിരാസം, ദുർഗ്രഹത ഇവ മുഖമുദ്രയാക്കിയ കവിയശഃപ്രാർത്ഥികളുടെ ഇടയിലേക്കാണ് 'കുരിശിന്റെ നീരവസ്വര'വുമായി ഉയർത്തിപ്പിടിച്ച ശിരസ്സോടെ, ഉറച്ചകാൽവയ്പോടെ കർത്തൃപാദങ്ങളിൽ അഞ്ജലിയർപ്പിച്ച് കടന്നുവരുന്നതെന്ന സ്വയം ബോധം ഫാ. വി. കിളിച്ചിമലയ്ക്കുണ്ട്; കിളിച്ചിമല എന്ന ഉത്തമകവിക്കുണ്ട്.

ഛന്ദസ്കൃതമാണ് ഈ ഖണ്ഡകാവ്യം. മഞ്ജരി, അന്നനട, പാന, നതോന്നത, മാവേലി, കേക എന്നീ ദ്രാവിഡവൃത്തങ്ങളിലും 'മലരണിക്കാടുകൾ തിങ്ങിവിങ്ങി' എന്ന രീതിയിലും 'ഓമനക്കുട്ടൻ' എന്ന മട്ടിലും ഈ ഖണ്ഡകാവ്യം എഴുതപ്പെട്ടിരിക്കുന്നു.

വിശുദ്ധവേദപുസ്തകത്തിലെ തിരുവചനങ്ങളുടെ സ്വഭാവവും സന്ദർഭവും മഹത്വവുമനുസരിച്ചാണ് കവിമനസ്സ് ഓരോ വൃത്തവും സ്വീകരിച്ചിരിക്കുന്നത്.

ഒരു കാവ്യവസ്തു കവിയുടെ സർഗ്ഗാത്മകപ്രതിഭയിൽ വീണുകിട്ടിയാൽ ആ അസംസ്കൃത വസ്തു മനനങ്ങളിലൂടെയും അനുധ്യാനങ്ങളിലൂടെയും ഭാവനാകല്പനകളുടെ മൂശയിൽ രൂപംകൊള്ളുകയും സംസ്കൃതീകരിക്കപ്പെടുകയും ചെയ്തു കഴിഞ്ഞാൽ ഉചിതമായ വൃത്തം ഉടൻതന്നെ കവിമനസ്സ് സ്വയം സ്വീകരിക്കുന്നു. പിന്നെ, വൃത്തബദ്ധമായി വാർന്നൊഴുകുകയായി. അങ്ങനെ വാർന്നൊഴുകിയെത്തിയ ഒരു വിശിഷ്ടകാവ്യാമൃതകല്ലോലിനിയത്രേ എന്റെ മുമ്പിലിരിക്കുന്ന ഈ 'കുരിശിന്റെ നീരവസ്വരം. ദാർശനികമായ അടിത്തറയുള്ളൊരു കൃതിയാണിത്.

പനിനീർപ്പൂമൊട്ട് വിടരുന്നു – അതു പരപ്രേരണകൊണ്ടല്ല. പനിനീർപ്പൂവ് തന്റെ അഴകും സുഗന്ധവും ലോകത്തിനു സമർപ്പിക്കുന്നു. അതൊരു നിയോഗമാണ്.

കുയിൽ കൂജനം നടത്തുന്നു– അതും പരപ്രേരണകൊണ്ടല്ല. കുയിൽ തന്റെ മധുരസംഗീതം ലോകത്തിനു കാഴ്ചവയ്ക്കുന്നു. അതുമൊരു നിയോഗമാണ്.

പ്രപഞ്ചസ്രഷ്ടാവിന്റെ ഏതൊരു സൃഷ്ടിയിലും ഈ ഒരു നിയോ

ഗമുണ്ട്. പുൽക്കൊടിക്കും പൂമ്പാറ്റയ്ക്കും സൗരയൂഥത്തിനുമൊക്കെ ഓരോ നിയോഗമുണ്ട്. ജന്മംകൊണ്ട് ആ നിയോഗമാണ് നാം നിവർത്തിക്കുന്നത്. അതുകൊണ്ടാണ് മഹാകവി ഉള്ളൂർ ഇങ്ങനെപറഞ്ഞുവച്ചത്:

വേഷമെനിക്കെന്തെന്നു വിധിപ്പതു–
വിഭോ! ഭവച്ചിത്തം.....

മൈക്കൽ ആഞ്ജലോ, ബിഥോവൻ, ഷേക്സ്പിയർ, കാളിദാസൻ, യേശുദാസ്. മദർതെരേസ, രാജാ രവിവർമ്മ, ചങ്ങമ്പുഴ, ഞരളത്ത് രാമപ്പൊതുവാൾ, സ്വാതിതിരുനാൾ ഇവർക്കൊക്കെയും ജന്മംകൊണ്ട് നിയതമായ ഒരു നിയോഗമുണ്ടായിരുന്നു. അതു നിവർത്തിച്ചു; നിവർത്തിക്കുന്നു. ആരുടെയും ജന്മം നിരർത്ഥകമല്ല; നിയോഗരഹിതമല്ല; സചേതനാചേതനമായ ഈ മഹാപ്രപഞ്ചത്തിൽ.

ഫാ. വി. കിളിച്ചിമലയുടെ ജന്മംകൊണ്ടും സ്വന്തം നിയോഗം നിവർത്തിക്കപ്പെടുന്നു. അദ്ദേഹം ഒരു 'ആൾ' മാത്രം. അദ്ദേഹത്തെക്കൊണ്ട് ഈശ്വരൻ മാനവരാശിക്കുവേണ്ടി നന്മകൾചെയ്യിക്കുന്നു. ആ നന്മപ്രവൃത്തികളിൽ ഒന്നാണ്–ഒന്നുമാത്രമാണ്. "കുരിശിന്റെ നീരവസ്വരം" എന്ന ഈ ഖണ്ഡകാവ്യം.

'പുലരിപ്പൂക്കൾ' എന്ന കവിതാസമാഹാരവും "വഴി, സത്യം, ജീവൻ" എന്ന ക്രിസ്തുചരിത്രവും കിളിച്ചിമലയച്ചന്റെ പ്രഖ്യാതകൃതികളാണ്. ഇരുപതോളം വിശ്രുതകൃതികൾ ഫാ. കിളിച്ചിമലയുടേതായി വേറെയുമുണ്ട് –ഗദ്യപദ്യങ്ങളായി.

ക്രിസ്തു ചാട്ടവാറടിയേറ്റ് കാൽവരിമലയിലേക്കു ചുമന്നുകൊണ്ടുപോയതും അദ്ദേഹത്തെ ആണികളാൽ തറച്ചതുമായ കുരിശിന്റെ – രക്ഷകനായ കർത്താവിന്റെ, വഴിയും സത്യവും ജീവനുമായ ക്രിസ്തുവിന്റെ – അമൃതമൊഴികളാണ് ഈ ഖണ്ഡകാവ്യത്തിൽ.

കൂപ്പുകൈയാകുന്ന താമരപ്പൂമൊട്ട് പാവനനായ ശ്രിയേശുനാഥന്റെ തൃപ്പാദങ്ങളിൽ അർപ്പിച്ചുകൊണ്ടാണ് കാവ്യാരംഭം:

"കൂപ്പുകൈ താഴ്മയാം പിച്ചകപ്പൂമൊട്ടു–
തൃപ്പാദത്തിങ്കൽ ഞാനർച്ചിക്കട്ടെ
എന്നെ സമുദ്ധരിച്ചീടുവാൻ ചിന്മയൻ
മന്നിലുയർത്തിയ പൊൻകുരിശേ....."

നാലുഭാഗങ്ങളായി ഈ ഖണ്ഡകാവ്യത്തെ വിഭജിച്ചിരിക്കുന്നു. ഒന്നാം ഭാഗത്തിൽ വിളംബരം, സിരനായക്കാരന്റെ കുരിശുതാങ്ങൽ, ക്രൂശിതനെ കണ്ട കരച്ചിൽകാർ എന്നീ ശിർഷകങ്ങളും രണ്ടാംഭാഗത്തിൽ പ്രസംഗവേദിയാകുന്ന കുരിശ്, മാപ്പിരക്കൽ പ്രാർത്ഥന, മനസ്തപിച്ച കള്ളനും

കുരിശും, കുരിശ് ബന്ധിക്കുന്ന യോഹന്നാനും മറിയവും, പരിഹൃതമാകാത്ത ദാഹം, പൂർത്തിയായ നിയോഗം, ഹൃദയപ്രഹർഷം എന്നീ ശീർഷകങ്ങളിലുള്ള സംഭവങ്ങളും മൂന്നാം ഭാഗത്തിൽ വഴിപോക്കരുടെ പരിഹാസം, ഉത്തരം സിദ്ധിച്ച അർത്ഥന, ഉത്തരം കിട്ടാത്ത പ്രാർത്ഥന, ബുദ്ധിജീവികളും കുരിശും, കിരീടക്കൊതി, റോമൻപട്ടാളത്തിന്റെ ഭർത്സനം, ശതാധിപനും ആരാധനയും എന്നീ ശീർഷകങ്ങളിലുള്ള സംഭവങ്ങളും അനുക്രമമായി ആവിഷ്ക്കരിച്ചിരിക്കുന്നു....

ഈ ഖണ്ഡകാവ്യമവസാനിക്കുന്നതിങ്ങനെ:

"സർവ്വകാലത്തും ദേശത്തും വേണ്ടതാണീ രക്ഷായത്നം
ഉർവ്വീനാഥനുറപ്പിച്ചുമൂലബന്ധനം.
നിങ്ങളോടൊത്തുണ്ടാകും ഞാൻ ലോകത്തിന്റെയന്ത്യംവരെ
മംഗളമായ് നീങ്ങിക്കൊള്ളു ഭയപ്പെടേണ്ടാ...."

'കുരിശിന്റെ നീരവസ്വരം'– ഖണ്ഡകാവ്യത്തിന്റെ ഈ ശീർഷകംതന്നെ ആകർഷകം; കാവ്യാത്മകം

കുരിശ് പണ്ടുകാലത്തു കഴുമരമായിരുന്നെങ്കിലും വഴിയും സത്യവും ജീവനുമായ യേശു ആരോഹണം ചെയ്യപ്പെട്ടതുമുതൽ കുരിശ് മഹാത്യാഗത്തിന്റെ ദിവ്യപ്രതീകമായി. അങ്ങനെ കുരിശ് മൗനവാചാലമോ ശബ്ദമില്ലായ്മയുടെ ശബ്ദമോ ആയി.

ക്രൂശിതന്റെ സന്ദേശവും അപദാനവുമാണ് കുരിശിന്റെ നീരവസ്വരമായി കവിഹൃദയത്തിൽനിന്ന് കാവ്യരൂപേണ പൊഴിയുന്നത്.

വിശുദ്ധവേദപുസ്തകത്തിലെ തിരുവചനങ്ങളുടെ കാവ്യരൂപം ഉദാത്തകോമളമെന്നേ പറയേണ്ടൂ: ഉദാഹരണമിതാ:

"ശാന്തശീലന്മാരെ ഭാഗ്യവാന്മാർ നിങ്ങൾ
ഇദ്ധരനിങ്ങൾക്കടിപണിയും
.....
ശുദ്ധഹൃദയത്വമാണുള്ളതെങ്കിലോ
സത്യമായ് ദൈവത്തെക്കാണും നിങ്ങൾ
പീഡനം കൈവരിച്ചീടുമോ നീതിക്കായ്
തേടിവരും സ്വർഗ്ഗം നിങ്ങൾ മുന്നിൽ.....

കുരിശുവഹിച്ചുകൊണ്ടുപോകുന്ന യേശുവിനെക്കണ്ട് പൊട്ടിക്കരയുന്ന ജറുസലേം സ്ത്രീകളുടെ കഥ (ലൂക്കോ. 23: 28–31) ഉണ്ടല്ലോ. അവരെനോക്കി യേശുപറഞ്ഞു:

"…. വിങ്ങിക്കരയേണ്ടാ ജേറുസലേമിലെ
അംഗനമാർകളേ എന്നെയോർത്ത്
നിങ്ങളെച്ചിന്തിച്ചും മക്കളെയോർത്തിട്ടും
ഏങ്ങിയാൽപ്പോന്നിടും യോഷകളേ….."

യേശുവിന്റെ ഇരുവശത്തുമുള്ള കള്ളന്മാരിൽ ഒരാൾ കുരിശിനെ സ്വയംവരിക്കുന്നു. അപരൻ നിരാകരിക്കുന്നു. മനസ്താപത്തോടെ അവൻ പ്രാർത്ഥിച്ചു: "യേശുവേ, നീ നിന്റെ രാജ്യത്തു പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമേ" (ലൂക്കോ 23: 42)

ഈ ഭാഗം എത്ര ചാരുതയോടെ ഫാ. വി. കിളിച്ചിമല കവിതയാക്കിയെന്നു നോക്കുക:

"വരിച്ചിടുന്നൊരാൾ കുരിശിനെ സ്വയം
നിരാകരിച്ചിടുന്നപരകൾമലൻ
മനസ്തപിച്ചവൻ കുരിശിനെനോക്കി
മനം തുറന്നോതി വിനയപൂർവകം:
'കനിഞ്ഞിടേണമേ പ്രഭോ! ഭവൽരാജ്യ–
മെനിക്കും നല്കണേയെഴുന്നള്ളീടുമ്പോൾ…..'

മനസ്തപിച്ച കള്ളനോട് യേശുപറഞ്ഞു: 'നീ ഇന്ന് എന്നോടു കൂടി പറുദീസായിൽ ആയിരിക്കും (ലൂക്കോ 23: 42)

കവി ഈ ഭാഗം അപൂർവ്വ ചാരുതയോടെ ഇങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു:

"ഇരിക്കനീയിന്നു പറുദീസായിലെ
തെരഞ്ഞെടുത്തതാം മമസവിധത്തിൽ
മഹാപരാധങ്ങൾ കഴുകി സ്വർഗ്ഗീയ–
വിഹായസിലേറ്റും കുരിശിലെ ബലി….."

ഗദ്സമെൻ തോട്ടത്തിൽ യേശു പ്രാർത്ഥിക്കാൻ ഇരുന്നപ്പോൾ ആ അന്തരീക്ഷത്തെ കവി ഒരു വാങ്മയചിത്രത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നതു കാണു:

"അന്ധകാരമുയർന്നുവിഹായസ്സിൽ
പെന്തിയാർത്തുമറിഞ്ഞു ഭയസ്ഥിതി
ഉച്ചനേരത്തുപൊങ്ങികരിനിഴൽ,
പക്ഷിപോലും ചിലയ്ക്കാത്ത മൂകത"

യേശു പ്രാർത്ഥിച്ചു:

"എന്തിനായ് ത്യജിച്ചെന്നെനീ ദൈവമേ,
അന്ധകൂപത്തിലാഴ്ത്തുന്നിതേവിധം……"
എന്റെ ദൈവമേ ! എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു ?"

മത്താ– 27:40

'പൊട്ടക്കിണറ്റിലേക്ക് വലിച്ചെറിഞ്ഞാലെന്നപോലെ' എന്ന ഉപമാലങ്കാരം സ്വന്തം ഭാവനയിൽ നിന്ന് കവി കണ്ടെടുത്തതാണ്. അർത്ഥഭംഗിയും ഭാവഭംഗിയുമുള്ള കല്പന!

കുരിശിന്റെ ദൗത്യപ്രഖ്യാപനമാണ് മലയിലെ പ്രസംഗത്തിലുള്ളത്. മലയിലെ പ്രസംഗവും കാൽവരിയിലെ കുരിശുബലിയും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്.

"ദാരിദ്ര്യമാത്മനാസംവഹിക്കുന്നോരേ
ഭൂരിസ്വർഗ്ഗരാജ്യം നിങ്ങൾനേടും
കണ്ണീരിൻ ദണ്ഡനമേറുന്ന നിങ്ങടെ–
കണ്ണീർതുടയ്ക്കുന്ന നേരമെത്തും....."

ഇങ്ങനെ തിരുവചനങ്ങളും സുവിശേഷങ്ങളും കാവ്യകഞ്ചുകം ധരിച്ചുനിൽക്കുന്ന നിരവധി സന്ദർഭങ്ങൾ ഈ ഖണ്ഡകൃതിയിൽ കണ്ടെത്താനാവും. കാവ്യഭംഗി അതിന്റെ പരകോടിയിലെത്തിനിൽക്കുന്ന ഏതാനും സന്ദർഭങ്ങളിതാ:

"പങ്കിലമാനസർ സ്വന്തപാപ–
ച്ചെങ്കടൽ തെല്ലുമേ കാണ്മതില്ല
ക്രിസ്തുവിൻ ചാരത്തു നിന്നുയർന്നു
സത്യനുതാപമില്ലാത്ത ശബ്ദം...."

XXXXXXX

"....കുരിശിന്മേൽ യേശു പിടഞ്ഞിടും നേരം
അരുണബിംബത്തെ മറച്ചിരുൾച്ചുരുൾ
വസുന്ധരയുടെ ഹൃദയം ഭേദ്യമായ്
ശ്വസനനമ്പരന്നചഞ്ചലനായി...."

XXXXXXX

"നസ്രായനേശുതന്റെ സുശ്രുതകഥനങ്ങൾ
ഇസ്രായേൽ വിശേഷമായ് കഥിച്ചാർ വ്യഥിതന്മാർ
ആശിച്ചതൊരുവിധം ക്ലേശിപ്പതനുഭവം
ഏശിയതെല്ലാമോർത്താൽ ദുഃഖിപ്പാൻ മാത്രം ന്യായം"

XXXXXXX

"വിദ്യുൽകേന്ദ്രം തൊട്ടുനിൽക്കും ശലാകകളനുക്ഷണം
വിദ്യുത് പ്രവാഹവാഹിയായ് പകരുമ്പോലെ
രക്ഷാകരവ്യാപാരത്തിൻ ശക്തി ശിഷ്യർക്കേകി ഗുരു
രക്ഷിച്ചീടാൻ പഠിപ്പിക്കാൻ നിയന്ത്രിക്കുവാൻ...."

കവിയായി ജനിച്ചു കവിയായി വളരുന്ന കൃതഹസ്തനായ ഒരു കവിക്കുമാത്രമേ ഇമ്മട്ടിലുള്ള കവിത രചിക്കാനാവൂ. കർത്താവായ ഈശോമിശിഹായുടെ ചുംബനമേറ്റിട്ടുള്ളതാണ് ഈ കവിഹൃദയം എന്നു നിസ്സംശയം പറയാം.

കട്ടക്കയം ചെറിയാൻ മാപ്പിള രചിച്ച 'ശ്രീയേശുവിജയം', പ്രവിത്താനം ദേവസ്യ രചിച്ച 'പൂജരാജാക്കന്മാർ', കെ. വി. സൈമൺ രചിച്ച 'വേദവിഹാരം', പുത്തൻകാവ് മാത്തൻതരകൻ രചിച്ച 'വിശ്വദീപം', പ്രൊഫ. മാത്യു ഉലകംതറ രചിച്ച 'ക്രിസ്തുഗാഥ' എന്നീ മഹാകാവ്യങ്ങളാണ് പ്രധാനമായും ബൈബിളധിഷ്ഠിതമായി മലയാളത്തിലുള്ളത്.

പിന്നെ, എടുത്തുപറയാവുന്ന മൂന്നുകൃതികൾ കൈനിക്കരയുടെ 'കാൽവരിയിലെ കല്പപാദപം' (ഗദ്യം) വള്ളത്തോളിന്റെ മഗ്ദലനമറിയം (ഖണ്ഡകാവ്യം) ഡോ. ചെറിയാൻ കിനിയത്തോടത്തിന്റെ മുന്തിരിത്തോട്ടം (കവിതാസമാഹാരം) എന്നിവയാണ്.

എന്നാൽ 'കുരിശിന്റെ നീരവസ്വരം' ഒന്നുവേറെതന്നെ. ഇങ്ങനെയൊന്നു മലയാളത്തിൽ വേറെയില്ല എന്നു ഉറപ്പിച്ചുപറയാം. രൂപഭാവശില്പങ്ങളാലും രചനാവൈഭവത്താലും ഈ കൃതി വേറിട്ടുനിൽക്കുന്നു. മൗലികതയിൽ ഉറച്ചുനിന്നുകൊണ്ട് കവി സ്വന്തം പ്രതിഭയുടെ പ്രകാശം പ്രസരിപ്പിക്കുന്നു. നഷ്ടപ്പെട്ടുപോയ നമ്മുടെ ഭാവുകത്വം തിരിച്ചുകിട്ടാൻ ഈ കൃതി ഉപകരിക്കുമെന്നതിൽ എനിക്കുതെല്ലും സംശയമില്ല. കവിക്കും ഈ കൃതിക്കും എല്ലാവിധ നന്മയും ശ്രേയസുമുണ്ടാകട്ടെ എന്നു പ്രത്യാശിക്കുന്നു; അതിനായി പ്രാർത്ഥിക്കുന്നു....


(ഒപ്പ്)

തിരുമൂലപുരം നാരായണൻ

തിരുമൂലപുരം,

തിരുവല്ല
23–11–2000

പ്രസ്താവന



"വിഹഗവീക്ഷണം" എന്ന എന്റെ ലേഖന സമാഹാരകൃതിയുടെ അവതാരികയിൽ സാഹിത്യചിന്തകനായ പ്രൊഫ.ജോസഫ് അഞ്ചനാട്ടു എഴുതി: "ആ രംഗത്തു (കവിതാരംഗത്തു) തുടർന്നു പരിശ്രമിച്ചിരുന്നെങ്കിൽ ഗണനീയനായ ഒരു കവിയാകാൻ പോന്ന വാസനാബലം ഫാ. വറുഗീസിനുണ്ടായിരുന്നെന്ന് ആദ്യകാലരചനകൾ വെളിപ്പെടുത്തുന്നുണ്ട്. പക്ഷേ എന്തുകൊണ്ടോ പിന്നീടദ്ദേഹം കവിതവിട്ടു ഗദ്യത്തിലേക്കാണ് തിരിഞ്ഞത്. രണ്ടുകാര്യങ്ങൾകൊണ്ട് അതുനന്നായെന്നു എനിക്കു തോന്നുന്നു. ഒന്നാമതായി കവിത ആദരിക്കാനും അംഗീകരിക്കാനുമുള്ള ഒരു ഹൃദയം അദ്ദേഹവും ഞാനുമൊക്കെ ഉൾപ്പെടുന്ന കേരളത്തിലെ ക്രൈസ്തവസമൂഹത്തിന് അന്നും ഇന്നും ലഭിച്ചിട്ടില്ല. ആയതിനാൽ ഫാ. കിളിച്ചിമല കവിതാരംഗത്തു തുടർന്നിരുന്നെങ്കിൽ അതു വെറുതെ 'കാട്ടിൽ കൂട്ടു വിളിപ്പ'തിനുള്ള ഒരു പാഴ്ശ്രമമായിപ്പോയേനേ. മാത്രമല്ല, കവിതവിട്ടു, ഗദ്യത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചതുകൊണ്ടു ചടുലവും ദീപ്തവും ഊർജ്ജസ്വലവുമായ ഒരു ഗദ്യശൈലി സ്വായത്തമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. 'വിഹഗവീക്ഷണ'ത്തിലൂടെ ഒരാവർത്തി കടന്നുപോകുന്ന ആർക്കും അതിൽ ഉടനീളം നിഴലിച്ചു നിൽക്കുന്ന തെളിവുറ്റ ഗദ്യശൈലി ശ്രദ്ധയിൽപ്പെടാതെ പോവില്ല."

ഒരു അനുഗൃഹീത കവിയായിട്ടത്രേ പ്രൊഫ. അഞ്ചനാട്ടിന്റെ രംഗപ്രവേശം; ഇന്നു അംഗീകൃതസാഹിത്യചിന്തകനാണ്. അദ്ദേഹം നല്കിയ ആത്മാർത്ഥതയുള്ളതും പ്രായോഗികവുമായ ഉപദേശം ഞാൻ ശിരസാവഹിച്ചു; കവിതയിൽനിന്നു പിന്തിരിഞ്ഞു; സമൂഹത്തിനു വേണ്ടാത്തതു ആർക്കു വേണം എന്ന നിലയിലായിപോക്കു. കുറെ കവിതാഭ്രമം കുട്ടിക്കാലത്തു ഉണ്ടായിപ്പോയിട്ടുണ്ട്. ചിലതെല്ലാം ചേർത്തു "പുലരിപ്പൂക്കൾ" എന്ന സമാഹാരം പുറത്തുവിടുകയും ചെയ്തു. കവിതയിലേക്കു തിരിഞ്ഞ കണ്ണുകൊണ്ടു പിന്നീടു നോക്കിയിട്ടില്ല.

ഈ ദൃഢവ്രതത്തിനു ഭംഗം വന്നു; മനഃപൂർവ്വമല്ലാത്ത ഭഞ്ജനം; ഒരു ഖണ്ഡകാവ്യമുണ്ടായിപ്പോയി. അതാണു "കുരിശിന്റെ നീരവസ്വരം"

"വഴി, സത്യം, ജീവൻ" എന്ന സമഗ്ര ക്രിസ്തു ചരിത്രം ഞാനെഴുതി. മഹാജൂബിലിയുടെ ഉദയത്തോടെയാണ് അതു പ്രസിദ്ധീകൃതമായത്. അതിലെ കുരിശിനെപ്പറ്റിയുള്ള ചില ഉദാത്തചിന്തകൾ എന്നെ

സ്പർശിച്ചു. അതു നാടോടി ശീലുകളിൽ അവതരിപ്പിക്കുന്നതു നന്നെന്നു തോന്നി. ആധുനിക ഉപഭോഗസംസ്കാരത്തിന്റെ പേയിളക്കത്തിനു അതു നല്ലൊരു മറുമരുന്നായിരിക്കുമെന്നു കരുതുകയും ചെയ്തു. ഈ ചിന്തകൾ ഉയർന്നതും കവിത രൂപപ്പെട്ടതും ഒപ്പം കഴിഞ്ഞു. "കുരിശിന്റെ നീരവസ്വരം" എന്ന പേരിന്റെ സാംഗത്യം കൃതിയിൽത്തന്നെയുണ്ട്.

ആരാവമേറ്റുന്ന നീതിശാസ്ത്രങ്ങൾതൻ
പാരാവാരത്തിര പൊങ്ങിനിൽക്കേ
നിശ്ശബ്ദമെപ്പോഴും കേൾക്കാം കുരിശിന്റെ
ശാശ്വത ശാന്തിപൊഴിക്കും മന്ത്രം.

"വഴി, സത്യം, ജീവൻ" തുടങ്ങിയ ഗദ്യകൃതികളുടെയും ഈ ഖണ്ഡകാവ്യത്തിന്റെയും രചനകൾക്കു പിന്നിൽ സാരമായ അന്തരമുണ്ട്. ആദ്യത്തേത് ആയാസപൂർവ്വകം; രണ്ടാമത്തേതു നിരായാസവും. കന്യക വേദനയോടെയും വേദനകൂടാതെയും രണ്ടുമക്കളെ പ്രസവിച്ചു എന്നു ഈ കവിതയിലുണ്ടെല്ലോ, അതുപോലെ.

ഖണ്ഡകവിത തയ്യാറാക്കിയെങ്കിലും പ്രസിദ്ധീകരിക്കുന്നതിനു ആഗ്രഹിച്ചില്ല; അതിനു ധൈര്യമുണ്ടായില്ല. കൈയെഴുത്തുപ്രതി ആദ്യം കാണിച്ചത് ഇഷ്ടസുഹൃത്തിനെയാണ്, ശ്രീ. തിരുമൂലപുരം നാരായണനെ.

ഞാൻ തിരുമൂലപുരത്തായിരുന്നപ്പോൾ മുതൽ ഈ ചങ്ങാതിയെ അടുത്തറിയാം; അന്നും അദ്ദേഹം അനുഗൃഹീത കവിയാണ്, ഗാനരചയിതാവുമാണ്. ഇന്നു കവിത്വത്തിൽ ഏറെ വളർന്നിട്ടുമുണ്ട്. കവിത്രയത്തിനു ശേഷം കൈരളിയെ നയിച്ച വെണ്ണിക്കുളം, വൈലോപ്പിള്ളി, ചങ്ങമ്പുഴമാരുടെ കാവ്യവഴികളിലൂടെ ചരിക്കുന്നവരായി ഇന്നു മലയാളത്തിലുള്ള അംഗുലീപരിമിതരായ കവികളിൽ ഒരുവനാണദ്ദേഹം. ആധുനികതയുടെ കലക്കവെള്ളത്തിൽ വീഴുന്നതിൽനിന്നു ആ സാത്വികകവി സുരക്ഷിതനാണ്. ഉത്തമ കവിത്വത്തിനു അവാർഡുകളും അദ്ദേഹം നേടിയിട്ടുണ്ട്.

ഈ കൃതിയെക്കുറിച്ചു വിലയേറിയ അഭിപ്രായമാണ് ആ സഹൃദയ സുഹൃത്തു നല്കിയത്. ഇതു പ്രസിദ്ധീകരിക്കാതിരിക്കുന്നതു തെറ്റാണെന്നും അദ്ദേഹം നിർദ്ദേശിച്ചു. അദ്ദേഹത്തിന്റെ ഹൃദയപൂർവ്വകമായ വിലയിരുത്തൽ അവതാരികയായി ഇതിൽ ചേർത്തിട്ടുണ്ട്. കവിതയെ ആപാദചൂഡം പഠിച്ചുകൊണ്ടുള്ള സരസമായ അവതാരികയ്ക്കു നന്ദിപറയുകയും ഈ കൃതി ജീവിക്കുമെങ്കിൽ ഞങ്ങളുടെ സൗഹൃദത്തിന്റെ സ്മാരകമായിരിക്കട്ടെ എന്നു ആഗ്രഹിക്കയും ചെയ്യുന്നു.

കുരിശിനെപ്പറ്റി ബൈബിൾ നല്കുന്ന നിഗൂഢാർത്ഥതലങ്ങൾ

ഉൾക്കൊള്ളുന്ന ഇക്കവിതയ്ക്കു ഒരു ടിപ്പണി നല്ലതെന്നു അഭിപ്രായപ്പെടുകയും അങ്ങനെ ഒന്നു തയ്യാറാക്കുകയും ചെയ്തത് അവതാരികാകാരൻ തന്നെയാണ്. അതു എത്രമാത്രം പ്രയോജനപ്രദമെന്നു വായനക്കാർക്കു അനുഭവപ്പെടുമല്ലോ. വായനക്കാരുടെ പേരിൽ ടിപ്പണികാരനു നന്ദിപ്രകാശിപ്പിക്കുന്നു.

മഹാജൂബിലിയുടെ ഉദയവേളയിൽ "വഴി, സത്യം, ജീവൻ" പ്രകാശിതമായതുപോലെ ഈ ഖണ്ഡകാവ്യം ജൂബിലി സമാപനത്തിനുമുമ്പ് പുറത്തിറക്കാൻ ആഗ്രഹിച്ചു. അതിനു സഹകരിച്ചത് കോട്ടയം എസ്. ആർ. ഗ്രാഫിക്സ് ഉടമ ശ്രീ. ജിജു. കെ. തോമസാണ്. ആർട്ടിസ്റ്റ് സനിൽ അത്രേ ഇതിന്റെ കവർ ഡിസൈൻ ചെയ്തത്. അവരെ രണ്ടുപേരെയും ഗ്രന്ഥകാരൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

20–ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലാണ് എന്റെ വിദ്യാഭ്യാസം. എളിയ കാവ്യാനുശീലനം നടന്നതും അന്നുതന്നെ. അവതാരികാകാരൻ പറയുന്ന സാഹിത്യദുരവസ്ഥ അന്നില്ല. അതുകൊണ്ടു വൃത്തനിരാസ കവിതയോ ദുർഗ്രഹകവിതയോ ഉൾക്കൊള്ളാൻ എനിക്കു കഴിഞ്ഞിട്ടില്ലെന്നു സമ്മതിക്കട്ടെ.

ഭൗതികതയെ (വൈഷയികതലത്തെ) ചിത്രീകരിക്കുന്ന കവിതകൾ കാണും; കലാത്മകതയ്ക്കു മുൻതൂക്കം കൊടുക്കുന്ന ഉൽക്കൃഷ്ടകവിതകളുമുണ്ട്. ഇവ രണ്ടിനേയുംകാൾ ഉയർന്നതത്രേ ആദ്ധ്യാത്മികതയുടെ ഉദാത്തകല. ആ തലത്തിലേക്കു എത്തുവാനാണ് ഇവിടെ വിനീതമായി ശ്രമിച്ചിട്ടുള്ളത്. വിചാരചാരുതയ്ക്കാണു പ്രാമുഖ്യം. ഇതിലെ ഓരോ ഖണ്ഡത്തിലും ബന്ധുരചിന്തയുടെ ഒരു ശ്രേണി കണ്ടെന്നിരിക്കും.

തന്മൂലം വെട്ടിവിഴുങ്ങലല്ല, ചവച്ചരച്ചാസ്വദിക്കലാണ് ഇവിടെ ആവശ്യം; ഉപരിതലസ്പർശമല്ല, ആഴത്തിൽ മുഴുകലത്രേ വേണ്ടത്. പരമ്പരിത വിചാരമധുരിമ പ്രകടമാക്കുന്നതിനു ചില ഖണ്ഡങ്ങളുടെ നേരിയ അപഗ്രഥനം നടത്താം.

ക്രൂശിതന്റെ നിലവിളിയും തെറ്റിദ്ധരിക്കലും (52)

നാലു വിചാരതലങ്ങളുടെ ക്രമാനുഗതസംഗമം ഇവിടെയുണ്ട്. ക്രൂശിതന്റെ നിലവിളി ശ്രദ്ധിക്കുന്ന ലോകത്തിന്റെ തെറ്റിദ്ധരിക്കൽ അവതരിപ്പിക്കപ്പെടുകയാണ് പ്രഥമതലം.

"ഏലോഹി, ഏലോഹി... " എന്നു ക്രിസ്തു
"ഏലിയാവെ വിളി" എന്നു കേട്ടോർ
തെറ്റിദ്ധരിക്കുയാണു ലോകം
മാറ്റുതെളിക്കേണ്ട വേളയിലും

ക്രിസ്തുവിൻ രോദനമിത്തരത്തി–
ലർത്ഥം മറിച്ചിടാനെന്തു ബന്ധം?

സോദ്ദേശ്യമാണ് ഈ തെറ്റിദ്ധരിക്കലെന്നത്രേ ദ്വിതീയ വിചാരം. ക്രൂര പരിഹാസത്തിന്റെ കൂരമ്പു ഇതിലൂടെ പുറത്തു വരുന്നുണ്ട്.

ഏലിയാ വന്നെന്നും വന്നില്ലെന്നും
മാലോകർക്കുണ്ടു പറച്ചിലേറെ
വന്നില്ലെന്നാകിലിക്രൂശിലുള്ളോൻ
മുന്നമേ പാർത്തൊരക്രിസ്തുവല്ല.
വന്നില്ലെന്നല്ലയോ മാഴ്കിടുന്നു
നിന്ദ്യം കഴുവിൽ കുഴങ്ങിടുന്നോൻ
രൂക്ഷ പരിഹാസ വെണ്മഴുവാ–
അക്ഷയ വൃക്ഷക്കടയ്ക്കു വെട്ടി.

സ്ഥാപിത താല്പര്യത്തെ അള്ളിപ്പിടിക്കുന്ന ലോകത്തിന്റെ നിർബ്ബന്ധബുദ്ധി ത്രിതീയ വിചാരത്തിൽ വെളിപ്പെടുന്നു.

ഏലിയാവന്നുകഴിഞ്ഞുപോയി
ഏലിശ്വാസുനു "മാംദാന"യായി
പാപപ്പൊറുതിതൻ ദൂതുരച്ച
സ്നാപകവേദം വെറുത്തുയൂദർ
ഭോഗങ്ങളേറിമറിഞ്ഞിടുമ്പോൾ
ത്യാഗത്തിൻ കാഹളമാർക്കുചേരും?

ക്രൂശിനെ അന്യഥാ ധരിക്കുന്നതിന്റെ അടിസ്ഥാന കാരണം ഇനിയത്തെ വിചാരത്തിൽ കാണാം.

ക്രൂശിന്മേലാണു കിടപ്പതേശു
ക്രൂശുപേക്ഷിക്കുക ശക്യമാമോ?
ക്രൂശിൽനിന്നങ്ങൊന്നിറങ്ങേണമേ
യേശുവേ, എന്നാണിവർക്കപേക്ഷ
അപ്പരുക്കൻ കുരിശാർക്കു വേണം
പുഷ്പം നിറച്ച മുടിയിരിക്കെ?

യൂദന്മാരുടെ രാജാവെന്നു പരിഹാസം (54)

നാലുനിലകളാണ് ഈ വിചാരനിലയത്തിനുള്ളത്. പരിഹാസം പച്ചയ്ക്കു അവതരിപ്പിക്കുന്നു ഒന്നാം നില.

"തന്നെത്താനേ നീ രക്ഷിച്ചീടുക
ഖിന്നനാം യൂദരാജാവേ"

പലദേവന്മാരിൽ ഒരുവനെന്നു "ഈഹൂദ" ദേവൻ തരം താഴ്ത്തപ്പെടുന്നു രണ്ടാം നിലയിൽ

"ഈഹൂദ" രാജാവെന്നാണു സേന–
യാഹ്വാനം ചെയ്യുന്നീശനെ
എല്ലാം ദേവതമാരും ദേശീയ–
രില്ലതിനൊരു സംശയം
ബാബിലോണിയർ, റോമർ, ഗ്രേക്കരു–
മീബഹുദേവപൂജകർ
ഒറ്റദേവനും ക്രൂശിന്മേൽ ചായാൻ
പറ്റിയിട്ടില്ല ദുർവ്വിധി.

ഇസ്രായേൽ ദേവന്റെ ദീനത മൂന്നാം നിലയിൽ ചിത്രീകൃതമായിരിക്കുന്നു പടയാളികളുടെ പുച്ഛഭാവത്തിലൂടെ.

ഇസ്രായേലിന്റെ ദേവനാകുമീ
നസ്രായനേറെത്താഴ്ന്നവൻ
ഇത്രനിസ്സാരനായൊരുത്തനി–
പ്പാർത്തലത്തിലുണ്ടാകുമോ?
ആരുതൂങ്ങിടുമിത്തരമൊരു
പീറയാം ക്രൂശിൽമേലിലും

ദേവനു രക്ഷപ്പെടാൻ പാടില്ലാത്തവണ്ണം കുരിശിക്കൽ നടത്തിയ ഭടന്മാരുടെ വീമ്പടിയും തുടർന്നു കേൾക്കാം.

ഭദ്രമായിദംബന്ധനം ചെയ്തു
മുദ്രകുത്തിയോർ തങ്ങൾതാൻ.

കുരിശുബന്ധിക്കുന്ന യോഹന്നാനും മറിയവും (34)

അനുസ്യൂതങ്ങളായ എട്ടുചിന്തകളോടു ബന്ധപ്പെട്ട ഭാവസാന്ദ്രത ഈ കാവ്യഖണ്ഡത്തെ ദൃഢബദ്ധമാക്കുന്നു. പൂർവ്വവിചാരത്തിന്മേൽ ഉത്തരവിചാരം അരക്കിട്ടുറപ്പിച്ചിരിക്കുന്നതു ശ്രദ്ധേയമാണ്. രംഗചിത്രീകരണം തന്നെ ഒന്നാമത്തേത്.

കന്യകാമാതാവും യോഹന്നാൻ ശ്ലീഹായും
കുന്നിലെ ക്രൂശിൻ ചുവട്ടിൽനിന്നു

സമീപസ്ഥിതരോടു കുരിശിതന്റെ സൂക്തം രണ്ടാംചിന്ത

മാതാവിനോടോതിമുൾമുടിചൂടിയോൻ
"സ്ത്രീ, തവസൂനുവിതാഗ്രഹിക്കൂ!"
സന്നികൃഷ്ടസ്ഥിതൻ യോഹന്നാൻ കേട്ടപ്പോൾ
"നിന്നമ്മതാനിവൾ" എന്ന സൂക്തം.

ക്രിസ്തുവാക്യം ശ്രോതാക്കളിൽ വരുത്തിയ മാറ്റമത്രേ മൂന്നാം ചിന്ത

കന്യയ്ക്കു രണ്ടു തനുജന്മാർസിദ്ധരായ്
ഒന്നാമൻ ക്രൂശിലപരൻചാരേ

കന്യാനന്ദനനാണു കുരിശിൽ; ചാരത്തുനിൽക്കുന്ന ജോണും കന്യകയുടെ പുത്രനായി, ക്രിസ്തുവാക്യംമൂലം. യേശുവിന്റെയും ജോണിന്റെയും അമ്മയായ കന്യകയ്ക്കു മക്കളെ പ്രസവിച്ചതിലുണ്ടായ വ്യത്യസ്തഭാവം നാലാം ചിന്തയിൽ കാണാം.

ആദ്യനെപ്പറ്റതു വേദനകൂടാതെ
വേദനപേറിയവരജനെ

വേദനയോടെ യോഹന്നാനെ പ്രസവിച്ചു എന്നു പറയുന്നതിന്റെ യുക്തിയാണ് അടുത്ത തുടർചിന്ത.

മാഴ്കിക്കരഞ്ഞപ്പോളല്ലയോ കന്യക
യോഹന്നാൻശിഷ്യന്റെയമ്മയായി.

രണ്ടുമക്കളിലൂടെ മറിയാമിനു സിദ്ധമാകുന്നതു പെറ്റമ്മസ്ഥാനവും പോറ്റമ്മസ്ഥാനവുമത്രേ. ഇതാണു ആറാംചിന്തയിലൂടെ വ്യക്തമാകുന്നത്.

പെറ്റവളല്ലയോ പെറ്റമ്മ ക്രിസ്തുവിൻ
ഗാത്രം കൊടുത്തതവളല്ലയോ?
ജോണും മറിയവും നമ്മളും ചേർന്നുള്ള
ചേർണാർന്ന കൂട്ടായ്മകാണേണ്ടയോ!
അക്കൂട്ടം തന്നുടെ പോറ്റമ്മസ്ഥാനമാ-
ണക്കാൽവരിയിൽ വച്ചേറ്റുമേരി.

ക്രിസ്തുവിന്റെ യഥാർത്ഥ ശരീരവും മൗതിക ശരീരവും എന്ന മിസ്റ്റിക് ചിന്ത ഏഴാമതായി വരുന്നു.

ക്രൂശിൽ മരിച്ച ഗുരുവിൻ കളേബരം
ഈശന്റെ പാർശ്വത്തിൽ സ്വർഗ്ഗേവാഴ്വൂ
ഭൂതലേ വാഴും മിശിഹായന്ത്യംവരെ
'മൂത'മാം ഭാവം വരിച്ചിടുന്നു
ക്രിസ്തുവിൻകൂട്ടായ്മാ മൗതികഭാവമേ
നിസ്തുലമെത്രനിൻ ശുദ്ധചിത്രം!

ക്രിസ്തുവിന്റെ മൗതിക ശരീരമായ ആത്മീയകൂട്ടായ്മയാണ് എട്ടാംചിന്തയിലെ വിഷയം.

കന്യകതന്നുടെ ആദ്യജാതൻക്രിസ്തു
ഇന്നമ്മൾ ആത്മീയ കൂട്ടായ്മക്കാർ
പെന്തിക്കോസ്തിപ്പെരുന്നാളു തൊട്ടിന്നോളം
സന്തതം കാക്കുന്നിബ്രഹ്മം നമ്മൾ

തുടർവിചാരമധുരിമയുടെ ഈദൃശഭാഗങ്ങൾ ഈകൃതിയിൽ ഉടനീളമുണ്ട്. വിചാരത്തോടു കെട്ടുപിണഞ്ഞു കിടക്കുന്നവികാരം. വായനയിലൂടെ അതുകണ്ടെത്തുന്നതിനത്രേ ഏതാനും ഖണ്ഡങ്ങൾ വിശകലനം ചെയ്തു കാണിച്ചത്.

മരുഭൂമിയിൽ വച്ചു പിത്തളസർപ്പം കിളർത്തപ്പെട്ടു ഇസ്രായേൽ ജനതയ്ക്കു മുമ്പിൽ. അതു കുരിശിന്റെ സൂചനയായിരുന്നു. അതിലേക്കു ദൃഷ്ടിതിരിച്ചവർ വിഷബാധയിൽ നിന്നു വിമുക്തരായി. ഉപഭോഗസംസ്കാരപ്പാമ്പിന്റെ കൊടിയ വിഷബാധകൊണ്ടു നട്ടം തിരിയുകയാണ് ആധുനിക ലോകം. കുരിശിന്റെ ആഖ്യാനം സിദ്ധൗഷധമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ക്ലേർജിഹോം, പുഷ്പഗിരി, ഗ്രന്ഥകർത്താവ്
തിരുവല്ല– 689101
20– 12– 2000

ഉള്ളടക്കം

പുറം

അവതാരിക V

പ്രസ്താവന XII

ഉള്ളടക്കം XX

ഒന്നാം ഭാഗം

കുരിശിന്റെ മുമ്പിൽ 21

1. വിളംബരം 23
2. സിരനായക്കാരന്റെ കുരിശുതാങ്ങൽ 25
3. ക്രൂശിതനെ കണ്ട കരച്ചിൽകാർ 27

രണ്ടാം ഭാഗം

കുരിശിന്റെ അമൃതമൊഴികൾ

1. പ്രസംഗവേദിയാകുന്ന കുരിശ് 29
2. മാപ്പിരക്കൽ പ്രാർത്ഥന 30
3. മനസ്തപിച്ച കള്ളനും കുരിശും 32
4. കുരിശു ബന്ധിക്കുന്ന യോഹന്നാനും മറിയവും 34
5. സാന്ത്വനമില്ലാത്ത ശൂന്യത 36
6. പരിഹൃതമാകാത്ത ദാഹം 38
7. പൂർത്തിയായ നിയോഗം 40
8. ഹൃദയപ്രകർഷം 42

മൂന്നാം ഭാഗം

പ്രതികരണങ്ങൾ

1. വഴിപോക്കരുടെ പരിഹാസം 43
2. ഉത്തരം സിദ്ധിച്ച അർത്ഥന 45
3. ഉത്തരം കിട്ടാത്ത പ്രാർത്ഥന 47
4. ബുദ്ധിജീവികളും കുരിശും 49
5. കിരീടക്കൊതി 52
6. റോമൻ പട്ടാളത്തിന്റെ ഭർത്സനം 54
7. ശതാധിപനും ആരാധനയും 56

നാലാം ഭാഗം

ഉത്ഥാന ദൂത്

1. പേരു വിളിക്കുന്ന നായകൻ 58
2. കുരിശും മഹത്വവും 61
3. സ്നേഹവും അധികാരവും 65
4. വാഗ്ദാനം 69

കുരിശിന്റെ മുമ്പിൽ

(മഞ്ജരി)

കൂപ്പുകൈ – താഴ്മയാം പിച്ചകപ്പൂമൊട്ടു
തൃപ്പാദത്തിങ്കൽ ഞാനർച്ചിക്കട്ടെ
എന്നെ സമുദ്ധരിച്ചീടുവാൻ ചിന്മയൻ
മന്നിലുയർത്തിയ പൊൻ കുരിശേ.

ത്യാഗ പ്രഭാവത്തിൻതൂമണം പേറിക്കൊ–
ണ്ടാഗതനായി നീയെന്റെ മുമ്പിൽ
ആധ്യാത്മഗ്രന്ഥം തുറക്കവേകാണ്മുഞാൻ
മുത്തുപൊഴിക്കും നിൻ ഭവ്യചിത്രം. 8

ശ്ലാഘിതേ, നിൻ തല്പമേറിയവന്റെ ദി–
വ്യാഖ്യാനമെത്രയവർണ്ണനീയം
മൂന്നുലോകങ്ങൾക്കുമൂന്നായി മേവുന്നോൻ
മൂന്നിരുമ്പാണിയിൽ തൂങ്ങിടുന്നു!

1–8 കുരിശിന്റെ മുമ്പിൽ കൂപ്പുകൈ ഉയർത്തുന്നു. താഴ്മയുടെ പൂമൊട്ടാണല്ലോ കൂപ്പുകൈ.

ചിന്മയൻ– ജ്ഞാനസ്വരൂപമായവൻ. സമുദ്ധരിക്കുക– ഉയർത്തുക, മോചിപ്പിക്കുക. എനിക്കു കുരിശിനെ ഉപേക്ഷിക്കുക വയ്യാ. എന്നെ ഉദ്ധരിക്കുവാൻ ഈശ്വരൻ ഭൂമിയിൽ ഉയർത്തിയിട്ടുള്ളതു കുരിശാണ്.

ത്യാഗപ്രഭാവത്തിൻ..... മുമ്പിൽ

ത്യാഗവും ഭോഗവുമുണ്ട്. ഭോഗത്തിന്റെ വിളി എങ്ങും കേൾക്കും. എന്നാൽ ത്യാഗത്തിന്റെ സുഗന്ധവുമായിട്ടാണു കുരിശു വരുന്നത്.

ആധ്യാത്മഗ്രന്ഥം.... ഭവ്യചിത്രം.

ആധ്യാത്മഗ്രന്ഥം തുറക്കുമ്പോൾത്തന്നെ കണ്ടെത്തുന്നത് കുരിശിന്റെ ചിത്രമാണ്. ഭവ്യചിത്രം– പൂജ്യതയുള്ള ചിത്രം.

9–14 ശ്ലാഘിത – ശ്ലാഘിക്കത്തക്ക. തല്പം– മെത്ത. കുരിശുതല്പമാക്കിയവൻ–യേശു. ദിവ്യാഖ്യാനം–ദിവ്യമായ കഥ

പഞ്ചഭൂതങ്ങൾക്കുമാധാരമായവൻ
പഞ്ചക്ഷതങ്ങളണിഞ്ഞിടുന്നു!!
ശ്ലാഘിതേ, നിൻ തല്പമേറിയവന്റെ ദി–
വ്യാഖ്യാനമെത്രയവർണ്ണനീയം.

കൂപ്പുകൈ– താഴ്മയാം പിച്ചകപ്പൂമൊട്ട്
തൃപ്പാദത്തിങ്കൽ ഞാനർച്ചിക്കട്ടെ
എന്നെ സമുദ്ധരിച്ചീടുവാൻ ചിന്മയൻ
മന്നിലുയർത്തിയ പൊൻ കുരിശേ

യേശുവിനുമുമ്പും കുരിശുണ്ട്. യേശുവിന്റെ കുരിശാരോഹണം തൊട്ടാണ് കുരിശു മഹനീയമായത്. കുരിശു തല്പമാക്കിയവന്റെ അപദാനങ്ങൾ വർണ്ണനയ്ക്കു ഉപരിയാണ്.

മൂന്നുലോകം–സ്വർഗ്ഗം, ഭൂമി, പാതാളം.

മൂന്നു ലോകത്തിനും താങ്ങായവൻ കുരിശിന്മേൽ മൂന്നു ഇരുമ്പാണിമേൽ തൂങ്ങിക്കിടക്കുന്നു.

പഞ്ചഭൂതം– പൃഥ്വി, അപ്, തേജസ്സ്, വായു, ആകാശം ഈ അഞ്ചും.

പഞ്ചക്ഷതം–അഞ്ചുമുറിവ്

ക്രൂശിതന്റെ സന്ദേശമാണ് കുരിശിന്റേതായി ഇനിമേൽ പറയുന്നത്.

1

വിളംബരം

(മഞ്ജരി)

ആരാവമേറ്റുന്ന ധർമ്മശാസ്ത്രങ്ങൾതൻ
പാരാവാരത്തിരപൊങ്ങിനിൽക്കെ
നിശ്ശബ്ദസന്ദേശം കേൾക്കാം കുരിശിന്റെ
ശാശ്വതശാന്തി പൊഴിക്കുംമന്ത്രം
പട്ടിണിക്കാരെയും പാരതന്ത്ര്യത്തിന്റെ
കൊട്ടിലിൽ ഞെട്ടിത്തിരിവോരെയും
സാന്ത്വനത്തിന്നായ് നിലവിളിപ്പോരെയും
ധ്വാന്തക്കുഴിയിൽക്കഴിവോരെയും
തട്ടിയുണർത്തിക്കൊണ്ടേകുന്നു മറ്റെങ്ങും–
കിട്ടാത്ത സൗഭാഗ്യത്തൂമരന്ദം. 30

കുരിശിന്റെ ദൗത്യപ്രഖ്യാപനമാണ് മലയിലെ പ്രസംഗത്തിന്റെ ആരംഭത്തിലുള്ള (മത്താ. 5: 1–12) എട്ടു ഭാഗ്യസ്ഥിതികൾ. മലയിലെ പ്രസംഗവും കാൽവരിയിലെ കുരിശുബലിയും തമ്മിൽ അഭേദ്യബന്ധമാണുള്ളത്.

21–30 ധർമ്മശാസ്ത്രം–രാജനീതി, ആരാവം– ശബ്ദം.

പാരാവാരത്തിര– കടൽത്തിര.

രാജനീതികളുടെ വലിയ ഒച്ചപ്പാടു ഉയരുമ്പോഴാണ് കുരിശിന്റെ നിശ്ശബ്ദസന്ദേശം.

ശാശ്വതശാന്തി–നിത്യസമാധാനം.

ശാശ്വതശാന്തിയത്രേ കുരിശിന്റെ സന്ദേശം നല്കുന്നത്.

ഭാരപ്പെടുന്നവരെ കുരിശുവിളിക്കയും ആശ്വാസം നല്കുകയും ചെയ്യുന്നു. പാരതന്ത്ര്യത്തിന്റെ കൊട്ടിൽ– അടിമത്തത്തിന്റെ തൊഴുത്ത്.

ഞെട്ടുക–നടുങ്ങുക.

സാന്ത്വനത്തിനായ്–ആശ്വസിപ്പിക്കുന്നതിനുവേണ്ടി. ധ്വാന്തം– ഇരുട്ട്

" ദാരിദ്ര്യമാത്മനാസംവഹിക്കുന്നോരേ
ഭൂരിസ്വർഗ്ഗരാജ്യം നിങ്ങൾ നേടും
കണ്ണീരിൻ ദണ്ഡനമേറുന്ന നിങ്ങടെ
കണ്ണീർതുടയ്ക്കുന്ന നേരമെത്തും.
ശാന്തശീലന്മാരേ, ഭാഗ്യവാന്മാർ നിങ്ങൾ
ഇദ്ധര നിങ്ങൾക്കടിപണിയും
നീതിക്കുവേണ്ടി ശ്രമിക്കുവോർ ശ്രേഷ്ഠരാം;
തൃപ്തി കരസ്ഥമാക്കീടുമവർ.
കാരുണ്യം തൂകുന്ന നിങ്ങൾ കരുണതൻ
മാരിയാൽ ധന്യതയേറ്റുവാങ്ങും
ശുദ്ധഹൃദയത്വമാണുള്ളതെങ്കിലോ
സത്യമായ് ദൈവത്തെക്കാണും നിങ്ങൾ
ശാന്തിക്കുവേണ്ടിപ്പണിയെടുത്തീടിലോ
ധന്യരേ, ദൈവതനൂജരാകും
പീഡനം കൈവരിച്ചീടുമോ നീതിക്കായ്
തേടിവരും സ്വർഗ്ഗം നിങ്ങൾ മുമ്പിൽ" 46

ദരിദ്രർ, ദുഃഖിതർ, വിനീതർ, ദാഹാർത്തർ, കാരുണ്യം തേടുന്നവർ, ഹൃദയശുദ്ധി കാംക്ഷിക്കുന്നവർ, സമാധാനദാഹികൾ, നീതിയെപ്രതി സഹനത്തിൽ ആഴുന്നവർ എന്നീ വിധത്തിൽ ഭാരപ്പെടുന്നവരെയാണ് കുരിശുമാടിവിളിക്കുന്നത്.മറ്റെങ്ങും ലഭ്യമല്ലാത്ത സൗഭാഗ്യപ്പൂന്തേനാണ് കുരിശു നല്കുന്നത്.

31–46 യേശുവിന്റെ വായ്മൊഴികളാണ് തുടർന്നുള്ളത്

"ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവരുടേതാണ്; വിലപിക്കുന്നവർ ഭാഗ്യവാന്മാർ, അവർ ആശ്വസിപ്പിക്കപ്പെടും; ശാന്തശീലർ ഭാഗ്യവാന്മാർ, അവർ ഭൂമി അവകാശമാക്കും; നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ, അവർക്കു സംതൃപ്തി ലഭിക്കും; കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും; ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും; സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും; നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവരുടേതാണ്.

2

സിരനായക്കാരന്റെ കുരിശുതാങ്ങൽ

(മഞ്ജരി)

ക്രൂശാം കൊലമരം പേറുകദുഷ്കര-
മേശുവിനെന്നു ഭടർ ഗ്രഹിക്കെ
സൈറീനിയക്കാരൻ സൈമനെ ഹേമിപ്പൂ
ഭാരിച്ച ക്രൂശു ചുമലിലേറ്റാൻ
കൊല്ലലിന്നുള്ള സ്ഥലത്തെത്തിച്ചേരേണ്ടേ
വല്ലവിധേനയും യാഗമൃഗം?
ചാട്ടവാർ കൊണ്ടുള്ളടിയേറ്റും ക്ഷീണിച്ചും
ഒട്ടുമരിക്കാറായ് ത്തീർന്നമ്മേനി 54

47–54 ലൂക്കോ. 15: 21–22 വാക്യത്തിൽ പരാമർശിക്കുന്നതാണ് ഈ സംഭവം. സിമയോൻ കുരിശുവഹിക്കാൻ യേശുവിനെ സഹായിക്കുന്നു. അയാൾ സിരനായക്കാരനാണ്. സിരനായിക്കാ രാജ്യത്തുള്ളവരെ സിരനായക്കാരൻ എന്നുവിളിക്കുന്നു. ആഫ്രിക്കയിലാണ് ആ രാജ്യം. സിരനായക്കാരായ യഹൂദന്മാർ അന്നു ജറുസലേമിലുണ്ടായിരുന്നു.

കൊല്ലലിന്നുള്ള..... യാഗമൃഗം?

യാഗമൃഗം യജ്ഞവേദിയിലെത്തേണ്ടേ? വധസ്ഥലത്തെത്തിച്ചേരുന്നില്ലെങ്കിൽ യേശുവിന്റെ ശിക്ഷാവിധി എങ്ങനെ നിറവേറ്റപ്പെടും. ഇപ്പോഴത്തെ നിലയിൽ കുരിശുവാഹി വധസ്ഥലത്തെത്തിച്ചേരുക എളുപ്പമല്ല. അതുകൊണ്ടാണ് സിമയോനെ കുരിശെടുക്കാൻ നിർബന്ധിച്ചത്. യേശുവിനോടുള്ള കരുണയല്ല ഇതിനു പ്രേരകം.കുരിശു ചുമക്കുന്നവന്റെ ക്ഷീണഗാത്രതയ്ക്കു കാരണം തുടർന്നു പറയുന്നു.

ചാട്ടവാർ..... തീർന്ന മേനി.

ജോലിചെയ്തേറെത്തളർന്നസിരനായൻ
തോളിൽവഹിച്ചവലിയഭാരം
ക്രൂശാം ചുമടിന്റെ ദുർഭരദണ്ഡനം
യേശുവേ, നിന്നിൽ കുറച്ചതില്ലേ? 58

ആഫ്രിക്കക്കാരനാം താതന്റെ മാതൃക
റൂഫസ് അലക്സിവർ പിഞ്ചെല്ലുമ്പോൾ
അങ്ങുതൻ ക്രൂശുവഹിച്ചീടുവാൻ ഗുരോ,
ഞങ്ങൾക്കു നല്കുക ഭാഗധേയം
ജീവിതഭാരങ്ങളേറിക്കുഴങ്ങുമ്പോൾ
താവക ക്രൂശിവർ പേറിക്കൊള്ളാം. 64

55–58 സിമയോൻ ചെയ്ത സഹായത്തിന്റെ വില

ജോലികൊണ്ടുതളർന്നവനായിരുന്നു അയാൾ. കുരിശിന്റെ വലിയ ഭാരം ആ തളർച്ചക്കാരൻ വഹിച്ചു. യേശുവിന്റെ ക്രൂശുചുമടിന്റെ ദുർവ്വഹഭാരം അല്പം കുറയ്ക്കാൻ അതുമൂലം സാധിച്ചു.

59–64 സിമയോന്റെ മാതൃക

റൂഫസ്, അലക്സാണ്ടർ എന്നിവരുടെ പിതാവെന്നു വി. മർക്കോസ് സിമയോനെ വിശേഷിപ്പിക്കുന്നു. ഇവർ രണ്ടുപേരും ആദിമക്രിസ്ത്യാനികൾക്കു സുപരിചിതരായിരുന്നെന്നു ഊഹിക്കാം. അപ്പന്റെ പ്രവൃത്തി ആ മക്കൾ തുടർന്നതുപോലെ ക്രൂശുചുമക്കുവാൻ ഗുരോ ഞങ്ങൾക്കും ഭാഗ്യം നല്കുക.ഞങ്ങൾക്കു ജീവിതഭാരങ്ങളുണ്ട്; അതോടൊപ്പം അങ്ങയുടെ കുരിശിന്റെ ഭാരവും പേറിക്കൊള്ളാം.

ഭാഗധേയം–ഭാഗ്യം

3

ക്രൂശിതനെ കണ്ട കരച്ചിൽകാർ

(മഞ്ജരി)

പൊട്ടിക്കരഞ്ഞുപോയ് ക്രൂശുവഹിപ്പോനെ
പട്ടണമധ്യത്തിൽ കണ്ടു സ്ത്രീകൾ
കണ്ടകാകീർണ്ണമാം മേനികണ്ടീടുകിൽ
തൊണ്ടയിടറാതെയാർക്കു നിൽക്കാം?
മാറത്തടിച്ചുകരയുന്നോരെ നോക്കി
ചാരുരൂപന്റെ സ്വരമുയർന്നു:
"വിങ്ങിക്കരയേണ്ടാ ജേറൂസലേമിലെ
അംഗനമാർകളേ എന്നെയോർത്ത്.
നിങ്ങളെച്ചിന്തിച്ചും മക്കളെയോർത്തിട്ടും
ഏങ്ങിയാൽ പോന്നിടും യോഷകളേ"

68–82 കുരിശുവാഹിയെക്കണ്ടു പൊട്ടിക്കരയുന്ന ജറുസലേം സ്ത്രീകളുടെ കഥ. ലൂക്കോ. 23: 28–31.

അവരെനോക്കി യേശു പറഞ്ഞു: "ജറുസലേം പുത്രിമാരേ, നിങ്ങളേയും നിങ്ങളുടെ സന്താനങ്ങളേയും പ്രതി വിലപിക്കുവീൻ. എന്തുകൊണ്ടെന്നാൽ വന്ധ്യകളും പ്രസവിച്ചിട്ടില്ലാത്ത ഉദരങ്ങളും പാലുകുടിപ്പിച്ചിട്ടില്ലാത്ത സ്തനങ്ങളും അനുഗൃഹീതങ്ങളാണെന്നു അവർ പറയുന്ന ദിനങ്ങൾ വരും. അപ്പോൾ അവർ പർവ്വതങ്ങളോടു തങ്ങളുടെ മേൽ വീഴുക എന്നും കുന്നുകളോടു തങ്ങളെ മറയ്ക്കുക എന്നും പറഞ്ഞുതുടങ്ങും. പച്ചമരത്തോടു ഇപ്രകാരമാണ് അവർ ചെയ്യുന്നതെങ്കിൽ ഉണങ്ങിയതിനോടു എന്തായിരിക്കും അവർചെയ്യുന്നത്."

വെട്ടാത്ത പച്ചമര..... ലെന്തു പിന്നെ!

യേശുവിനെത്തന്നെയാണ് പച്ചമരം എന്നു വിശേഷിപ്പിച്ചിട്ടുള്ളത്. പരിശുദ്ധനായ അവിടുത്തേക്കു ഇതാണു സ്ഥിതിയെങ്കിൽ ദൈവകോപത്തിനു ഇരയായിത്തീരുന്ന യഹൂദന്മാരുടെ സ്ഥിതി എന്തായിരിക്കും.

വെട്ടാത്ത പച്ചമരത്തിനിതോഗതി? 75
മൂട്ടിക്കു തീയേറ്റാലെന്തുപിന്നെ!
പാതകമൂട്ടിവളർത്തുന്ന ഘോരത
മാതാക്കൾ നിങ്ങളടുത്തറിയും
മാമലശൃംഗങ്ങൾ മൂടട്ടെന്നത്തവ്വിൽ
കോമരം തുള്ളിപ്പറയും നിങ്ങൾ
റോമിന്റെ പട്ടാളവേട്ടയഹൃദരെ
ഭീമദുരന്തത്തിലാഴ്ത്തിടുമ്പോൾ. 82

യേശുവിന്റെ ദീർഘദർശനങ്ങളിൽ സംഭവിച്ചുകഴിഞ്ഞ ഒന്നാണ് ജറുസലേമിന്റെ നാശത്തെ സംബന്ധിച്ച ഈ പ്രവചനം. അതോർത്തു വിലപിച്ചാൽ മതിയെന്നത്രേ സ്ത്രീകളോടുള്ള ഉപദേശം. അതുകാണുന്നതിനുള്ള കഷ്ടസ്ഥിതി ആ സാധ്വികൾക്കുണ്ടാകും. അവരുടെ അരുമസന്താനങ്ങളെ റോമാക്കാർ നിർദ്ദയം വധിക്കും. ഏതാണ്ട് നാല്പതുവർഷം കഴിഞ്ഞപ്പോൾ റോമൻ ആക്രമണമുണ്ടായി. ജറുസലേം നശിപ്പിക്കപ്പെട്ടു. യൂദന്മാരെ വധിച്ചു. ശേഷിപ്പിച്ചവരെ തടവുകാരായി. പ്രസിദ്ധമായ ഫ്ളാവിയൻ മല്ലരംഗം ഈ തടവുകാരെക്കൊണ്ടു പണിയെടുപ്പിച്ചു ഉണ്ടാക്കിയതാണ്.

പാതകമൂട്ടി..... ഭീമദുരന്തത്തിലാഴ്ത്തിടുമ്പോൾ.

കോമരം– ഭൂതാവേശമുണ്ടായ ആൾ, ആവേശം കൊണ്ടുതന്നെത്താൻ മറന്നുതുള്ളുന്നവൻ.

രണ്ടാംഭാഗം

കുരിശിന്റെ അമൃതമൊഴികൾ

1

പ്രസംഗവേദിയാകുന്ന കുരിശ്

(അന്നനട)

കൊതുമ്പുതോണിയും വിരുന്നുശാലയും
പൊതുവഴികളും ശ്മശാനദേശവും
അരങ്ങാക്കിബഹുജനത്തിനൊക്കെയും
വിരുന്നുനല്കിയ കരുണയുള്ളവൻ
ഗിരിപ്രഭാഷണപ്രകീർത്തിതൻ ഗുരു
ഗിരിക്കുരിശിലായ് അനുപമഗിരം

പുരാണയാക്കോബും വരേണ്യമോസസും 88
ഗരിഷ്ഠ സ്റ്റീഫനും ഒഴിച്ചൊരുത്തനും
ചരമസന്ദേശം മൊഴിഞ്ഞിട്ടില്ലിപ്പോൾ
ചൊരിയുന്നു ഗിരം കുരിശിൽ തൂങ്ങുവോൻ
മഹാപ്രഭാഷകൻ ഒഴുക്കിടും മധു
മഹാജനം സ്വദിച്ചരികിൽ നിൽക്കുന്നു. 94

കുരിശിന്മേൽ കിടന്നുകൊണ്ടുള്ള ഏഴുവാക്യങ്ങൾ ക്രിസ്തുവിന്റെ അമൃതമൊഴികളാണ്. കുരിശുപ്രസംഗവേദിയാക്കി അവിടുന്നു ചരമപ്രഭാഷണം നിർവ്വഹിക്കുന്നു.

83–88 കൊതുമ്പുതോണി, വിരുന്നുശാല, പൊതുവഴി, ശ്മശാനദേശം– എല്ലാം യേശു പ്രസംഗവേദിയാക്കിയിട്ടുണ്ട്. എല്ലാറ്റിനേയും പിന്നിലാക്കുന്നതാണ് കുരിശിന്മേലുള്ള അവിടുത്തെ പ്രസംഗപീഠം.

89–94 പുരാണ– പഴയ
വരേണ്യ– അധികം ശ്രേഷ്ഠതയുള്ള
ഗരിഷ്ഠ–ഏറ്റവും കനമുള്ള
മരണാസന്നരായ മൂന്നുപേരുടെ അന്ത്യസന്ദേശം മാത്രമേ ബൈബിൾ രേഖപ്പെടുത്തിയിട്ടുള്ളു. യാക്കോബ്, മോശ, സ്റ്റീഫൻ എന്നിവരുടെ. ഇവരിൽ ആരെക്കാളും മനുഷ്യവർഗ്ഗത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നവനാണ് യേശു. അവസാനമൊഴികൾ അവിടുന്നു മരണവേളയിൽ നല്കുന്നു. യജ്ഞവേദി പ്രസംഗപീഠമാക്കിയ യേശുവിനെപ്പോലെ ഒരു പ്രഭാഷകൻ വേറെയില്ല; കുരിശിൻ ചുവട്ടിൽ കൂടിയവരെപ്പോലുള്ള ശ്രോതാക്കളും വേറെയില്ല; കുരിശിൽനിന്നുള്ള ഏഴുതിരുവായ്മൊഴികളെപ്പോലുള്ള ഒരു പ്രസംഗവും ഉണ്ടാവുകയില്ല.

2

മാപ്പിരക്കൽ പ്രാർത്ഥന

(അന്നനട)

അലച്ചാരത്യുച്ചം കുരിശിൽ തൂങ്ങിയോർ
പുലമ്പിഭർത്സനം ശപിച്ചുലോകത്തെ
നിരപ്പുകാട്ടണം രിപുക്കളോടുമെ–
ന്നുരച്ചവനുടെ സ്ഥിതികണ്ടീടുവാൻ
നിരക്കവേ ജനം ശ്രവിച്ചിതായൊരു
പൊറുതിപ്രാർത്ഥനയുടെ മധുരവം
മുറിച്ചുവീഴ്ത്തിടുമ്പൊഴുംസുഗന്ധത്തെ
പ്പരത്തിടും തരു മലയജംപോലെ

94–104 ആരാച്ചാരന്മാരുടെ പ്രതീക്ഷയ്ക്കുവിരുദ്ധമാണ് കുരിശിലെ യേശുവിന്റെ പ്രതികരണം.മുമ്പുകുരിശിക്കപ്പെട്ടവർ അത്യുച്ചം അലച്ചു, ഭർത്സനം പുലമ്പി, ലോകത്തെ ശപിച്ചു. സെനക്കാ രേഖപ്പെടുത്തിയിട്ടുണ്ട്: കുരിശിക്കപ്പെട്ടവർ ശാപ വർഷത്തോടെയാണ് മരണം സ്വീകരിച്ചിട്ടുള്ളത്. ജനനമുഹൂർത്തത്തെ ശപിച്ചു; ആരാ ച്ചാരന്മാരെ ശപിച്ചു; അമ്മമാരെ ശപിച്ചു; കണ്ടുനിന്നവരുടെ നേരെ തുപ്പി. ശാപവർഷം ഒഴിവാക്കുന്നതിനു വേണ്ടി നാവുകൾ ഛേദിക്കേണ്ട സന്ദർഭം പോലും ഉണ്ടായിട്ടു ണ്ടെന്നു സിസറോ പറയുന്നു.

നിരപ്പുകാട്ടണം രിപുക്കളോടുമെന്ന്– ശത്രുക്കളെ സ്നേഹിക്കണമെന്ന് ശത്രുസ്നേഹം പ്രസംഗിച്ചവന്റെ പ്രവൃത്തികാണാൻ ജനം ശ്രദ്ധകൂർപ്പിച്ചു.

മലയജം–ചന്ദനം

മുറിച്ചുവീഴ്ത്തുമ്പോഴും സുഗന്ധം പരത്തുന്ന ചന്ദന വൃക്ഷത്തെപ്പോലെ മധുരമായ മാപ്പിരക്കൽ പ്രാർത്ഥനയാണ് ക്രിസ്തു ഉരുവിട്ടത്. "പിതാവേ, അവരോടു ക്ഷമിക്ക ണമേ, ചെയ്യുന്നതെന്തെന്നു അവർ അറിയുന്നില്ല" (ലൂക്കോ. 23: 34)

105–114 ആരോടു പൊറുക്കണം? വധിച്ച ആരാച്ചാരന്മാരോടു പൊറുക്കണം; വിധിച്ച പീലാത്തോസിനോടും നിന്ദാവസ്ത്രം ധരിപ്പിച്ച ഹേറോദേസിനോടും പൊറുക്കണം.

മഥിച്ച– മർദ്ദിച്ച, നരാധമൻ– നിന്ദ്യനായമനുഷ്യർ

ഇരുമ്പുചാട്ടകൊണ്ടടിച്ചവരും മറ്റുമാണ് നരാധമർ. എന്തുകൊണ്ടു പൊറുക്കണം? ചെയ്യുന്നതെന്തെന്നു അറിയാത്തതുകൊണ്ട്. ഈ മൃഗീയ പാതകം എന്തെന്നു അവ രറിയുന്നില്ല.

കളങ്കപങ്കിലൻ..... തുറുങ്കിലേറണം.

ക്രിസ്തുവിനു പകരം ബറബാസിനെതിരഞ്ഞെടുത്തത് നീതിന്യായത്തിന്റെ എത്രവ ലിയ കീഴ്മേൽ മറിച്ചിലാണെന്നു അവർ അറിഞ്ഞെങ്കിൽ! ഈ തിരഞ്ഞെടുപ്പിന്റെ

“പൊറുത്തിടേണമേ, പിതാവേ, യജ്ഞത
വരുത്തിവെക്കുമിക്കൊടിയപാതകം”
വധിച്ചവരോടും വിധിച്ചവരോടും
മഥിച്ചനിഷ്ഠുര നരാധമരോടും
പൊറുക്കണമത്രേ അറിയുന്നില്ലവർ
വരുത്തിവെച്ചൊരീമൃഗീയപാതകം
കളങ്കപങ്കിലൻ വിമുക്തനാകുവാൻ
കളങ്കമില്ലാത്തോൻ തുറുങ്കിലേറണം
അറിയുന്നില്ലവർ വരുത്തിവയ്ക്കുമീ–
ത്തിരഞ്ഞെടുപ്പിലെക്കൊടിയ ക്രൂരത!
അറിയുന്നില്ലവർ കുരിശുവീഴ്ത്തിടും
ദുരൂഹമായിടും രുധിരത്തിൻ വില!

കൊലക്കുറ്റക്കാരന്നെതിരായ് വാവിട്ടു
നിലവിളിച്ചത്രേഹതൻ സഹോദരൻ
നവീനഹാബേലോ? നിരപ്പുപ്രാർത്ഥിപ്പൂ
നവീകരണത്തിൻ തിരുബലിയായി

ക്രൂരത അവർ അറിയുന്നില്ല.

കുരിശുവീഴ്ത്തുന്ന ചോരയുടെ വില അറിയുന്നില്ല. കുരിശിന്റെ ത്യാഗം ഉളവാക്കുന്ന ഊഹാതീതമായ വിലപ്പിടിപ്പു ആരറിയുന്നു?

115–118 ഹതൻ സഹോദരൻ – കൊല്ലപ്പെട്ട സഹോദരൻ. പഴയ നിയമത്തിലെ ഹാബേലിന്റെ കഥയാണു സൂചിതം. കൊലപാതകിയായ കായേനോടുപകരം വീട്ടുന്നതിനു വേണ്ടി ഹാബേലിന്റെ രക്തം നിലവിളിച്ചു. പുതിയ ഹബേലാണു ക്രിസ്തു. അവിടുന്നു പ്രതികാരത്തിനു പകരം പരിഹാരബലിയുടെ മാപ്പിരക്കൽ പ്രാർത്ഥന നടത്തി. പുരോഹിതൻ മാത്രമല്ല, ബലിവസ്തുവുമാണ് അവിടുന്ന്. അവിടെബലിയും മാപ്പു പറയലും ഒന്നായിത്തീർന്നു.

3

മനസ്തപിച്ച കള്ളനും കുരിശും

(അന്നനട)

ഞടുക്കിടുന്നതാംപൊതുവിധിയുടെ
കടുത്തചിത്രമിക്കുരിശു കാട്ടുന്നു
നടുക്കുള്ള ക്രൂശിൽ പെരിയ മധ്യസ്ഥൻ
അടുത്തു കൾമലരിരുവശങ്ങളിൽ
വരിച്ചിടുന്നൊരാൾ കുരിശിനെസ്വയം
നിരാകരിച്ചിടുന്നപരകൾമലൻ
മനസ്തപിച്ചവൻ കുരിശിനെനോക്കി
മനം തുറന്നോതിവിനയപൂർവ്വകം:
"കനിഞ്ഞിടേണമേ പ്രഭോ ഭവൽരാജ്യ-
മെനിക്കും നല്കണേ എഴുന്നള്ളീടുമ്പോൾ" 128

119–128 ഞടുക്കിടുന്ന – ഞെട്ടിക്കുന്ന, കടുത്ത – നിർദ്ദയമായ

ഞെട്ടിക്കുന്ന പൊതുവിധിയുടെ ഒരു നിർദ്ദയചിത്രം കാൽവരിയിൽ ഉയർത്തപ്പെട്ട കുരിശുകളിലൂടെ കാണപ്പെടുന്നു. ന്യായവിധിയാളൻ നടുക്ക്, നന്മയുടെയും തിന്മയുടെയും പ്രതിനിധികൾ ഇരുവശങ്ങളിൽ; രക്ഷിക്കപ്പെട്ടവൻ ഒരു വശത്ത്, ശിക്ഷിക്കപ്പെട്ടവൻ മറുവശത്തും. വിധിയാളനായി വരുമ്പോഴും അവിടുത്തോടൊപ്പം കുരിശുണ്ടായിരിക്കും, നിന്ദനത്തിന്റെ ഉപകരണമായിട്ടല്ല; മഹത്വത്തിന്റെ മുദ്രയായി.

വരിച്ചിടുന്നൊരാൾ..... അപരകൾമലൻ

ഇരുവശത്തുമുള്ള കള്ളന്മാരിൽ ഒരാൾ കുരിശിനെ സ്വയം വരിക്കുന്നു; മറ്റേയാൾ നിരാകരിക്കുന്നു.

മനസ്തപിച്ചവൻ പ്രാർത്ഥിച്ചു: "യേശുവേ, നീ നിന്റെ രാജ്യത്തു പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കേണമേ" (ലൂക്കോ. 23: 42). ആ പ്രാർത്ഥനയേയും ഉത്തരത്തേയും അല്പമായി അപഗ്രഥിക്കുന്നു തുടർന്നുള്ള വരികളിൽ.

ഇരുണ്ടമൃത്യുവെത്തുറിച്ചവർ കാൺകെ
ഇരന്നൊരാൾ ജീവൻ അപരൻ നല്കിടാൻ
ഒളിക്കുവാനിട തരിമ്പുമില്ലാത്തോൻ
വിളിക്കപ്പെട്ടത്രേ പറുദീസാനേടാൻ
പെരുത്തമോഷണംതുടർന്നവൻ സ്വർഗ്ഗ–
പുരത്തെ മോഷ്ടിച്ചാനൊടുക്കം തൃപ്തനായ്
മരിക്കും മുമ്പുള്ള പ്രതിരോധിസ്വരം
വരിഷ്ഠനായകൻ ശ്രവിച്ചിതാവിധി:
"ഇരിക്കനീയിന്നു പറുദീസായിലെ
തെരഞ്ഞെടുത്തതാം മമ സവിധത്തിൽ"
മഹാപരാധങ്ങൾ കഴുകിസ്വർഗ്ഗീയ–
വിഹായസ്സിലേറ്റും കുരിശിലെ ബലി. 140

129–140 പ്രാർത്ഥച്ചവനും ഉത്തരിച്ചവനും കുരിശിന്മേലാണ്; ഇരുണ്ടമൃത്യുവിനെ തുറിച്ചുനോക്കുന്നവരാണ്.
ആസന്നമരണരിൽ ഒരാൾ (മനസ്തപിച്ചകള്ളൻ) അപരനോടു നിത്യജീവൻ ഇരന്നു; ഒളിക്കുവാനിടമില്ലാത്തവനോടു (കുരിശിലെ ക്രിസ്തുവിനോടു) രാജ്യം (പറുദീസ) ചോദിച്ചു; മരണവാതിൽക്കലെത്തിയ തസ്ക്കരൻ പറുദീസാ കവരുന്ന തസ്കരനായി കടന്നു പോകുവാൻ അഭ്യർത്ഥിച്ചു.
പ്രതിരോധിസ്വരം– കള്ളന്റെ ശബ്ദം
വരിഷ്ഠനായകൻ– മഹത്വമുള്ള നായകൻ (ക്രിസ്തു)
"നീ ഇന്നു എന്നോടുകൂടി പറുദീസായിൽ ആയിരിക്കും" (ലൂക്കോ. 23: 43)
കള്ളന്റ അവസാനത്തെ പ്രാർത്ഥനയായിരുന്നു, ഒരു പക്ഷേ ആദ്യത്തേതും. അവൻ ഒരിക്കൽ മുട്ടി, എല്ലാം നേടി.

4

കുരിശു ബന്ധിക്കുന്ന യോഹന്നാനും മറിയവും

(മഞ്ജരി)

കന്യകാമാതാവും യോഹന്നാൻ ശ്ലീഹായും
കുന്നിലെ ക്രൂശിൻ ചുവട്ടിൽനിന്നു
മാതാവിനോടോതി മുൾമുടി ചാർത്തിയോൻ
"സ്ത്രീ തവ സൂനുവിതാഗ്രഹിക്കൂ!"
സന്നികൃഷ്ടസ്ഥിതൻ യോഹന്നാൻ കേട്ടപ്പോൾ
"നിന്നമ്മതാനിവൾ" എന്ന സൂക്തം 146

കന്യയ്ക്കു രണ്ടു തനൂജന്മാർ സിദ്ധരായ്
ഒന്നാമൻ ക്രൂശി,ലപരൻ ചാരേ
ആദ്യനെപ്പെറ്റതു വേദന കൂടാതെ
വേദന പേറിയവരജനെ
മാഴ്കിക്കരഞ്ഞപ്പോളല്ലയോ കന്യക

141–146 കുന്നിലെ ..... ചുവട്ടിൽ–
കാൽവരിക്കുന്നിലെ ക്രൂശിൻ ചുവട്ടിൽ. അവിടെ കന്യകാമാതാവും യോഹന്നാനും നിന്നകാര്യം യോഹ 19: 27, 28 വാക്യങ്ങളിലുണ്ട്.
"യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും അടുത്തുനിൽക്കുന്നതു കണ്ടു അമ്മയോടു പറഞ്ഞു: "സ്ത്രീയേ, ഇതാ നിന്റെ മകൻ' അനന്തരം അവൻ ആ ശിഷ്യനോടു പറഞ്ഞു: 'ഇതാ നിന്റെ അമ്മ' അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു"(യോഹ. 19: 27–28)
മുൾമുടി ചാർത്തിയോൻ – യേശു ,സന്നികൃഷ്ടസ്ഥിതൻ– അടുത്തുനിന്ന, സൂക്തം –നല്ലവാക്ക്, വേദവാക്യം
147–152 തനൂജൻ–പുത്രൻ. സിദ്ധ–സാധിച്ച. കന്യകാമാതാവിനു രണ്ടു മക്കളെ സിദ്ധിച്ചു. ഒന്നാമൻ ക്രൂശിൽ കിടക്കുന്നു; അടുത്തവൻ സമീപത്തുനിൽക്കുന്നു.
ആദ്യൻ– ഈശൻ (ഇവിടെ യേശു), അവരജൻ–അനുജൻ, പിന്നാലെ ജനിച്ചവൻ
യേശുവിനെ വേദനകൂടാതെ പ്രസവിച്ചു; പിന്നാലെ വന്നവനെ വേദനയോടുകൂടെയും.
മാഴ്കുക– ദുഃഖിക്കുക.
കുരിശിൻ ചോട്ടിൽ ദുഃഖത്തിൽ മുഴുകിനിന്നപ്പോളാണല്ലൊ കന്യക യോഹന്നാന്റെ അമ്മയായത്.

യോഹന്നാൻ ശിഷ്യന്റെയമ്മയായി. 152
പെറ്റവളല്ലയോ പെറ്റമ്മ ക്രിസ്തുവിൻ
ഗാത്രം കൊടുത്തതവളല്ലയോ?
ജോണും മറിയവും നമ്മളും ചേർന്നുള്ള
ചേണാർന്നകൂട്ടായ്മ കാണേണ്ടയോ?
അക്കൂട്ടം തന്നുടെ പോറ്റമ്മ സ്ഥാനമാ-
ണക്കാൽവരിയിൽ വച്ചേറ്റുമേരി 158

ക്രൂശിൽ മരിച്ച ഗുരുവിൻകളേബരം
ഈശന്റെ പാർശ്വത്തിൽ സ്വർഗ്ഗേവാഴ്വൂ
ഭൂതലേ വാഴും മിശിഹായന്ത്യം വരെ
മൂതമാം ഭാവം വരിച്ചിടുന്നു
ക്രിസ്തുവിൽ കൂട്ടായ്മാമൗതികഭാവമേ
നിസ്തുലമെത്രനിൻ ശുദ്ധചിത്രം! 164

കന്യകതന്നുടെ ആദ്യജാതൻ ക്രിസ്തു
ഇന്നമ്മൾ ആത്മീയ കൂട്ടായ്മക്കാർ
പെന്തിക്കോസ്തിപ്പെരുന്നാളുതൊട്ടിന്നോളം 168
സന്തതം കാക്കുന്നിബ്ബന്ധം നമ്മൾ

153–158 പെറ്റമ്മയും പോറ്റമ്മയും. ചേണാർന്ന – ഉറപ്പുള്ള. പെറ്റവളാണ് പെറ്റമ്മ. ക്രിസ്തുവിനു ശരീരം നല്കിയത് കന്യകാമറിയമാണ്. ജോണും മറിയവും നമ്മളും ചേർന്ന മനോഹരമായ ഒരു കൂട്ടായ്മയുണ്ട്. ആ കൂട്ടത്തിന്റെ പോറ്റമ്മ സ്ഥാനമാണ് കാൽവരിയിൽവച്ചു മേരി സ്വീകരിച്ചത്.

159–164 കുരിശിൽ മരിച്ച യേശുവിന്റെ ശരീരം ഇന്നു സ്വർഗ്ഗത്തിൽ പരമപിതാവിന്റെ പാർശ്വത്തിൽ വസിക്കുന്നു. ഭൂമിയിൽ വസിക്കുന്ന മിശിഹാ അവസാനം വരെ മൂത ഭാവത്തിലാണ്.

മൂതമാംഭാവം– മൂടപ്പെട്ട രൂപം (Mystical Body of Christ)

ക്രിസ്തുവിന്റെ കൂട്ടായ്മയാകുന്ന മൗതിക ശരീരത്തിന്റെ ചിത്രം നിസ്തുലമാണ്.

നിസ്തുലം – തുല്യമില്ലാത്ത

165–168 കന്യകയുടെ ആദ്യജാതനാണ് ക്രിസ്തു; നമ്മൾ ആത്മീയ കൂട്ടായ്മക്കാരും. പെന്തിക്കോസ്തിപ്പെരുന്നാൾ തൊട്ട് ഈ ബന്ധമാണ് നമ്മൾ സൂക്ഷിക്കുന്നത്. ക്രിസ്തീയകൂട്ടായ്മയുടെ തുടക്കം കുറിക്കുന്നത് അന്നാണ്. സന്തതം – എല്ലായ്പോഴും

5

സാന്ത്വനമില്ലാത്ത ശൂന്യത

(പാന)

അന്ധകാരമുയർന്നു വിഹായസ്സിൽ
പൊന്തിയാർത്തു മറിഞ്ഞു ഭയസ്ഥിതി
ഉച്ചനേരത്തു പൊങ്ങീകരിനിഴൽ
പക്ഷിപോലും ചിലയ്ക്കാത്ത മൂകത
അന്തരീക്ഷവും ഭൂമിയുമായിട്ടി–
പ്പന്തിയില്ലായ്മക്കെന്തുവാൻ കാരണം?
വിശ്വത്തിന്റെ ഭയങ്കരദുസ്ഥിതി
ഈശപുത്രൻ കുരിശിൽ വഹിക്കയായ്
പാപത്തിന്റെ പരിണതിയാലവൻ
വേപിതാംഗനായ്ത്തീർന്നതും കേണതും

169–184 അന്ധകാരം – ഇരുട്ടു. വിഹായസ് – ആകാശം. അകാശം ഇരുണ്ടു. ഭീകരത പൊന്തിയുർന്നു. ഉച്ചയ്ക്കുപോലും കരിനിഴൽ ഉയർന്നു. കടുത്ത മൂകത. പക്ഷിപോലും ചിലയ്ക്കുന്നില്ല.

പന്തികേടു –ക്രമക്കേടു

അന്തരീക്ഷവും ഭൂമിയും തമ്മിൽ പൊരുത്തമില്ലായ്മ. എന്താണോ ഈ ക്രമക്കേടിനു കാരണം?

ഈശപുത്രൻ കുരിശിന്മേൽ പാപത്തിന്റെ ദുസ്ഥിതി വഹിക്കുകയാണ്.

വേപിത– വിറയ്ക്കുന്ന

പാപത്തിന്റെ പരിണതിയായി ആ ശരിരം വിറച്ചു. അവൻ കരഞ്ഞു.

തപ്തമാനസം – തപിച്ച മാനസം

തപിച്ച മാനസംകൊണ്ടുവേർത്തു ഗദ്സമെൻ തോട്ടത്തിൽ വീണു; ശപ്തൻ– ശപിക്കപ്പെട്ടവൻ, കർത്താവിനാൽ, ശപിക്കപ്പെട്ടവൻ എന്നോർത്തു ദാവീദിന്റെ സങ്കീർത്തനത്തിൽനിന്നും ഉദ്ധരിച്ചു: "എന്റെ ദൈവമേ, എന്തുകൊണ്ടു നീ എന്നെ ഉപേക്ഷിച്ചു" (മത്താ. 27: 40)

ലോകത്തിന്റെ പാപഭാരം സ്വേച്ഛയാ സ്വീകരിച്ച തിരുക്കുമാരൻ പിതാവിന്റെ സാന്ത്വനത്തിൽനിന്നു മുഹൂർത്തനേരത്തേക്കു മാറിനിൽക്കുവാൻ തിരുമനസ്സായി. പാപത്തിനു ശാരീരികഫലങ്ങളുണ്ടു, പിളർക്കപ്പെട്ട ശരീരത്തിലൂടെ അതു സ്വീകരിച്ചു;

തപ്തമാനസപീഡയാൽ വേർത്തവൻ
ഗദ്സമെൻ പൂവനത്തിങ്കൽ വീണതും
കർത്തൃശപ്തനെന്നോർത്തിട്ടു ദാവീദിൻ
കീർത്തനത്തിൽനിന്നുദ്ധരിച്ചീവിധം:
"എന്തിനായ് ത്യജിച്ചെന്നെനീ ദൈവമേ,
അന്ധകൂപത്തിലാഴ്ത്തുന്നിതേവിധം" 184
തീവ്രവേദനവേവിപ്പതുണ്ടുഹാ
ആവൃതിക്കുള്ളിലാഴും വിവിക്തനെ
ക്രൂശിതന്റെ മധുരസ്വരമാണ–
ക്ലേശിതന്നുടെ ഏകമാമാശ്രയം 188

പാപത്തിനു മാനസികഫലങ്ങളുണ്ട്, ഗതസെമൻ തോട്ടത്തിലെ വിയർപ്പൊഴുക്കലിലൂടെ അതു നിർവ്വഹിതമായി. പാപത്തിനു ആത്മാവിനെ സംബന്ധിച്ച ഫലവുമുണ്ട്. ദൈവത്തിൽ നിന്നകലൽ, ദൈവം ഉപേക്ഷിച്ചെന്നതോന്നൽ, ഏകാന്തത എന്നിവയാണത്. പിതാവു പരിത്യജിച്ചെന്ന തോന്നലാണ് ഈ പ്രത്യേകമുഹൂർത്തത്തിൽ അവിടുന്ന് സ്വമനസ്സാ ശിരസ്സാ വഹിച്ചത്.

പാപം നിറഞ്ഞ മനുഷ്യവർഗ്ഗത്തിന്റെ മധ്യസ്ഥനായി യേശു ഇവിടെ നിലക്കൊള്ളുന്നു. ദൈവവും അവിടുന്നും മുഹൂർത്തനേരത്തേക്കു പൊരുത്തമില്ലാതെ നിലകൊള്ളുന്നു.

185–188 വിവിക്തൻ – ഒറ്റപ്പെട്ടവൻ
തീവ്രവേദന – കഠിനദുഃഖം
ആവൃതി – വേലി, മതിൽ
പാപവും ദൈവതിരസ്കാരവും വരുത്തുന്ന കഠിന ദുഃഖമാണ് ഇവിടെ പറയുന്നത്. ആ ക്ലേശിതനെ ആശ്വസിപ്പിക്കാൻ ക്രൂശിതന്റെ ശബ്ദം മാത്രമാണുള്ളത്.

6

പരിഹൃതമാകാത്തദാഹം

(പാന)

കണ്ടകമുടിയാഴ്ത്തും മുറിവുകൾ
വിണ്ടലത്തിൽ വലിഞ്ഞ മസിലുകൾ
വാർന്നിടും നിണം– എല്ലാമേയുണ്ടാക്കി
തീർന്നിടാദ്ദാഹം ക്രൂശിൽ കിടപ്പോനിൽ
രൂക്ഷപാറയിൽ മോസസടിക്കവേ
അച്ഛനീരമൊഴുക്കിയ രക്ഷകൻ
ദാഹിക്കുന്നത്രേ ഇത്തിരിവെള്ളം കൊ–
ണ്ടപ്പിപാസയടക്കിടാനാവുമോ?
മീറയാകുന്ന മിശ്രപാനീയത്തെ
കൂറുചേരാതുപേക്ഷിച്ച പീഡിതൻ

189–202 " എനിക്കു ദാഹിക്കുന്നു" (യോഹ. 19: 28)
കണ്ടകമുടി–മുൾമുടി, വിണ്ടലം–ആകാശം, വാർന്നിടും നിണം– ഒലിക്കുന്ന ചോര
മുൾമുടി ഉണ്ടാക്കിയ മുറിവ്, പുറത്തേക്കു വലിഞ്ഞ മസിലുകൾ, ഒലിക്കുന്ന ചോര–
എല്ലാം ദാഹമുണ്ടാക്കി.
രൂക്ഷപാറയിൽ..... രക്ഷകൻ
ഇസ്രായേൽക്കാരെ മരുഭൂമി കടത്തുന്ന വേളയിൽ വെള്ളം ലഭിക്കാതെ വിഷമിച്ചു.
മോശ വടികൊണ്ടു പാറമേൽ അടിച്ചു. ദൈവം സ്വച്ഛ ജലം പ്രദാനംചെയതു.
രൂക്ഷപാറ–കട്ടിയായപാറ, അച്ഛനീരം–നിർമ്മലജലം, പിപാസ–ദാഹം
ഇത്തിരി വെള്ളം കൊണ്ടു ദൈവത്തിന്റെ ദാഹം അടക്കാമോ? കുരിശിക്കപ്പെട്ടപ്പോൾ
കൊടുത്ത മീറയെന്ന മിശ്രപാനീയം അവിടുന്നു നിരസിച്ചു. ഇപ്പോൾ ആർത്തിയോടെ
കൂടിനീരു ചോദിക്കുന്നു.
അദ്യതനം–ഇപ്പോഴുള്ളത്.
മദ്യംകലർന്ന മീറ ആദ്യത്തേത്, ഇപ്പോഴത്തേതോ? ശുദ്ധപാനീയവും.

ആർത്തിയോടേ കുടിനീരിരക്കുന്നു
ചീർത്ത ദാഹം ശമിപ്പിച്ചിടുവാനായ്
മദ്യമിശ്രിതമാകുന്നു മീറയി-
ന്നദ്യതനമോ ശുദ്ധപാനീയവും 202

ഭോഗമേറും പ്രകൃതിതൻ തീരാത്ത
കാമമാണത്രേ ദാഹത്തിന്നാസ്പദം
ആത്മതൃപ്തിതികച്ചിടും പോലവേ
മാംസതൃഷ്ണതികയ്ക്കുക സാധ്യമോ?
ഉപ്പുവെള്ളംകുടിച്ചാലൊടുങ്ങുമോ
ശുദ്ധവെള്ളത്തിനായുള്ള പൈദാഹം
ഭോഗഭോക്താവിൻകെട്ടമദിരകൾ
ത്യാഗരൂപന്റെ ദാഹം ശമിപ്പിക്കാ. 210

203-210എന്താണു ദാഹം?
പാപത്തിന്റെ തൃപ്തമല്ലാത്ത പ്രകൃതിയുടെ പ്രതീകമാണ് ദാഹം.
ഭോഗം- സുഖം, കാമം-ആഗ്രഹം, ആസ്പദം-ഇരിപ്പിടം
ശമിപ്പിക്കാവുന്നതും അല്ലാത്തതുമായ ദാഹമുണ്ട്.
ആത്മതൃപ്തി വരുത്താം; മാംസതൃഷ്ണ തീരുകയില്ല. ശുദ്ധജലത്തിനുവേണ്ടിയുള്ള ദാഹം ഉപ്പുവെള്ളം കുടിച്ചു തീർക്കാവതല്ല.
ഭോഗഭോക്താവ്-വിഷയാസക്തൻ, മദിര- ലഹരിയുള്ള മദ്യം
കെട്ട- ചീത്തയായ
ചിലർക്കു പണത്തിനുവേണ്ടിയും മറ്റുചിലർക്കു പേരിനു വേണ്ടിയും ദാഹമുണ്ടല്ലോ. "എനിക്കു കുടിക്കുവാൻ തരിക" എന്ന് യേശു പറയുന്നതിനർത്ഥം "എനിക്കു ഹൃദയങ്ങൾ തരിക" എന്നത്രേ.

7

പൂർത്തിയായ നിയോഗം
(നതോന്നത)

ഒത്തുചേർന്നു കുരിശിന്മേൽ
പൂർവ്വവൃത്തമുൽഘോഷിച്ച
നിസ്തുലദീർഘദർശകർ
കീർത്തിച്ചസൂക്തം
"പൂർത്തീകൃതമായി സർവ്വം"
ഇത്ഥമുത്തരിച്ചുകൊണ്ടു
പൂർത്തിയാക്കി ക്രൂശിൻ മൂർത്തി
സ്വന്തനിയോഗം
ഏദനിലെ മൂന്നുകാര്യം
ദൈവികത്വം തകർത്തപ്പോൾ
ഉദിച്ചിടുന്നിവിടെയും
ത്രിക്കരണങ്ങൾ
ആജ്ഞലംഘിച്ചാദിപാപ
ക്കുഴിതീർത്ത പൂർവ്വപിതാ–
വാജ്ഞകാത്ത കുരിശിതൻ
നവീനനാദാം
നിഷിദ്ധഫലമശിച്ചൊ
രാദിമജനിത്രിക്കിപ്പോൾ
നിഷേവ്യവിരക്തമേരി
പുതിയ ഹാവാ

എല്ലാം പൂർത്തിയായിരിക്കുന്നു" (യോഹ. 19: 30)
എന്നതാണ് കുരിശിൽനിന്നുള്ള ആറാം വാക്യം. പഴയനിയമത്തിലെ ദീർഘദർശകരുടെ പ്രവചനം കുരിശിന്മേൽ പൂർത്തിയായി. "എല്ലാം പൂർത്തിയായിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു യേശു സ്വന്തം നിയമിതധർമ്മം പൂർണ്ണതയിലെത്തിക്കുന്നു.
കരണം–ഉപകരണം. ത്രിക്കരണങ്ങൾ–മൂന്നു ഉപകരണങ്ങൾ.
ദൈവിക സംവിധാനംതകർക്കാൻ മൂന്നു ഘടകങ്ങൾ ഒത്തുചേർന്നു. അതിന്റെ പുനരുദ്ധാരണത്തിനു മൂന്നു ഘടകങ്ങൾ സഹകരിച്ചു. അനുസരണക്കേടുകാരനായ ആദാമിനുപകരം അനുസരണശാലിയായ പുതിയ ആദാം, ക്രിസ്തു.
നിഷേവ്യ– സേവിക്കപ്പെടത്തക്ക.
നിഷിദ്ധഫലമശിച്ച ആദിമാതാവിനുപകരം സേവ്യമാനമായ വിശുദ്ധികാത്ത പുതിയ ഹാവാ, കന്യകാമറിയാം.
തോട്ടത്തിലെ നടുവൃക്ഷത്തിനുപകരം കുരിശുമരം.

തോട്ടത്തിലെ നടുവൃക്ഷം 234
ഗരളമൊഴുക്കിയിഹ
വെട്ടമേറെത്തെളിക്കുന്ന
കുരിശുവൃക്ഷം
"പൂർത്തീകൃതമായി സർവ്വ"–
മെന്ന ഗിരമുയർത്തുന്നു
പൂർത്തിയായി രക്ഷാകർമ്മ
മെന്ന വാഗ്ദാനം
വിശ്രമിച്ചു ജഗത്രയ
സൃഷ്ടികർമ്മം നടത്തിയോൻ
വിശ്രമിച്ചാനിതേവിധം
രക്ഷനേടുമ്പോൾ
ആചാര്യത്വം, പൗരോഹിത്യം,
നേതൃത്വമെന്നിവയെല്ലാം
ആചരിച്ചുനിയോഗത്തെ
പൂർത്തിയാക്കുമ്പോൾ
ഇല്ലവേറെ രക്ഷകനും
വേറെ രക്ഷാവ്യാപാരവും
ഇല്ലവേറെ രക്ഷാനാമം
ക്രിസ്തുവല്ലാതെ
അഞ്ചുകല്ലുകൊണ്ടുവീഴ്ത്തി
ഗോല്യാത്തിനെയജപാലൻ
അഞ്ചുമഹാമുറിവേറ്റു
ക്രിസ്തുവിൻ യുദ്ധം
രക്ഷാകരകർമ്മം പേറും
കുരിശേജയിക്കുകനിൻ
രക്ഷാകരവ്യാപാരങ്ങൾ
ഫലിച്ചിടട്ടെ 258

235–258 രക്ഷാകരവ്യാപാരം പൂർത്തിയായി എന്നതാണ് "എല്ലാം പൂർത്തിയായിരിക്കുന്നു" എന്നതിന്റെ അർത്ഥം.

സൃഷ്ടികർമ്മം നടത്തിയശേഷം 7-ാം ദിവസം ദൈവം വിശ്രമിച്ചു. രക്ഷാവ്യാപാരവും അവിടുന്ന് ഇപ്പോൾ പൂർത്തിയാക്കിയിരിക്കുന്നു.

ഗുരു, പുരോഹിതൻ, നേതാവു എന്നീ നിയോഗങ്ങൾ പൂർത്തിയാക്കുമ്പോൾ ക്രിസ്തുവല്ലാതെ വേറെ രക്ഷകനോ രക്ഷാവ്യാപാരമോ ഇല്ലെന്നു വെളിപ്പെടുത്തുന്നു.

തിന്മയുടെ ഗോല്യാത്തിനെ അജപാലനായ ദാവീദു അഞ്ചുകല്ലുകൊണ്ടു വീഴ്ത്തി; അഞ്ചുമുറിവേറ്റുകൊണ്ടാണു ക്രിസ്തുവിന്റെ യുദ്ധം.

രക്ഷാകരകർമ്മം വഹിക്കുന്ന കുരിശേ ജയിക്കുക. നിന്റെ രക്ഷാകരവ്യാപാരം ഫലമണിയട്ടെ.

8

ഹൃദയപ്രഹർഷം

(മാവേലി)

സ്വർഗ്ഗത്തിൽനിന്നുമിറങ്ങിവന്നോൻ
സ്വർഗ്ഗത്തിലേക്കുകരേറിടുമ്പോൾ
പ്രാർത്ഥനയേറ്റുകയായി നാഥൻ
സാർത്ഥകമാക്കിത്തൻ ജീവിതത്തെ
"അർപ്പണം ചെയ്യുന്നെന്നാത്മാവിനെ
മൽപ്പിതാ നിന്തിരുപ്പാണി തന്നിൽ"
നിത്യപിതാവിന്നഭീഷ്ടമെന്നും
സത്യമായാരാഞ്ഞൊരജ്ജീവിതം
അത്തിരുസന്നിധൗ ചേർക്കയല്ലാ–
തെന്താണുമറ്റൊരുസാധ്യമാർഗ്ഗം
വിണ്ണിലെത്തിക്കുന്ന പാതയായി
മണ്ണിലിക്രൂശുവിളങ്ങിടുന്നു. 270

259–270 "പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു." (ലൂക്കോ. 23: 40)
ക്രിസ്തുവിന്റെ പ്രാർത്ഥനയാണിത്. ഭൂമിവിട്ടു വീണ്ടും പിതൃഭവനത്തിലേക്കു പോകുമ്പോഴുള്ള പ്രാർത്ഥന. ജീവിതത്തെ സാർത്ഥകമാക്കുകയായിരുന്നു ആ പ്രാർത്ഥനയിലൂടെ.
നിത്യപിതാവിന്റെ അഭീഷ്ടമാണ് ആ ജീവിതം ആരാഞ്ഞത്. ആ ജീവിതത്തെ പിതാവിന്റെ കരങ്ങളിൽ സമർപ്പിക്കുകയല്ലാതെ വേറെ നിവൃത്തി മാർഗ്ഗം അവിടത്തേക്കുണ്ടായിരുന്നില്ല.
അർപ്പണം–വയ്ക്കുക, കൊടുക്കുക.
സ്വർഗ്ഗത്തിൽ എത്തിക്കുന്ന വഴിയായി ഭൂമിയിൽ കുരിശു ശോഭിക്കുന്നു.

മൂന്നാംഭാഗം

പ്രതികരണങ്ങൾ

1

വഴിപോക്കരുടെ പരിഹാസം

(മലരണിക്കാടുകൾ എ.മ.)

പെരുവഴിയൂടെക്കടന്നുപോയോർ
കുരിശുകണ്ടെറെത്തരിച്ചുനിന്നു
തേജഃപുഞ്ജത്തിന്റെ ക്രൂശിലേറ്റം
ദുർജ്ഞേയമായിട്ടവർക്കു തോന്നി
ലവലേശമില്ലദയയവർക്കു
വിവരമൊട്ടില്ലാതെ ചൊല്ലിയിത്ഥം:
"വരിക നീ താഴെക്കുരിശുവിട്ടു
കുരിശിന്റെ വേദന കൈവെടിയൂ
തിരുഭവനം മൂന്നുനാൾ കൊണ്ടുനീ–
യുരുവാക്കുമെന്നു പറഞ്ഞതല്ലേ?" 280

271–280 വഴിപോക്കർ കുരിശിൽ കിടക്കുന്ന ക്രിസ്തുവിനെ കണ്ടു. അവർ അവനെ ദുഷിച്ചുകൊണ്ടു പറഞ്ഞു: "മന്ദിരം പൊളിച്ചു മൂന്നുനാൾകൊണ്ടു പണിയുന്നവനെ നിന്നെത്തന്നെ രക്ഷിക്ക; ദൈവപുത്രനെങ്കിൽ ക്രൂശിൽനിന്നും ഇറങ്ങിവാ എന്നു പറഞ്ഞു." (മത്താ. 27: 39–40)

തരിച്ചുനിന്നു – മരവിച്ചുനിന്നു.

സുന്ദരനായ ഒരുവൻ കുരിശിന്മേൽ കിടക്കുന്നതു ഭംഗിയില്ലായ്മയായി അവർക്കു തോന്നി.

ലവലേശം – വളരെക്കുറച്ചുപോലും, ഒട്ടും. വിവരം – തിരിച്ചറിവു, ഇത്ഥം – ഇപ്രകാരം. ഉരുവാക്കുക – ആകൃതിപ്പെടുത്തുക

281–286 സുന്ദരരൂപമെങ്ങ്? ചോര ഒഴുക്കുന്ന കുരിശെവിടെ? കുരിശിന്മേൽ ആഴ്ന്നു കിടക്കുന്നതു മടയത്തമാണ്.

ഉരു – വലിയ. ഭോഗം – സുഖം

മടയത്തമല്ലേ കുരിശുബന്ധം; തേനുണ്ടു മദിക്കരുതോ? സുഖേച്ഛക്കാർ കുരിശു കൂടാതെയുള്ള മതമാണ് കൊതിക്കുന്നത്.

അധികസുഷമവഴിയലെങ്ങ്?
രുധിരമൊഴുക്കും കുരിശെവിടെ?
മടയത്തമല്ലേ കുരിശുബന്ധം?
മടുമലർത്തേനശ്ചിച്ചാർത്തിടല്ലോ
കുരിശു കൂടാത്ത മതത്തിനത്രേ
ഉരുഭോഗവാദികൾക്കുള്ള മോഹം
പരിഹാസസഹനവും പേറിടേണം
പുരുവേദനയ്ക്കുവശഗനായോൻ
പരിഹാസസഹനം ഗുരുവെടിഞ്ഞാ-
ലരുമ ശിഷ്യന്നതിന്നാവതുണ്ടോ?
വരണീയമല്ലൊട്ടുമേശുവിനി-
പ്പെരിയ സഹനമെന്നാണുവാദം!
ഉപവാസിയാകുക ക്ലിഷ്ടമെന്നൊ-
രുപദേശമങ്ങേക്കു ദുഷ്ടനേകി
കുരിശുവിട്ടുള്ള കീഴ്പോട്ടു ചാട്ട-
പ്പെരു"മായ" മാത്രം കൊതിപ്പു ലോകം!
അതിയാംക്ഷമയുടെ അത്ഭുതത്തെ-
പ്പതിതന്നു കാണ്മാൻ കഴിവതില്ല!!

287–290 പുരു – വളരെയുള്ള. വശഗൻ – വിധേയൻ
വേദനയ്ക്കു വിധേയനായവൻ പരിഹാസവും സഹിക്കണം. യേശു എന്തിനു പരിഹാസം സഹിക്കണം?
ഗുരു പരിഹാസം സഹിക്കാതിരുന്നാൽ ശിഷ്യനു അതിനു കഴിവുണ്ടാകുമോ?
291–294 വരണീയ-വരിക്കത്തക്ക, ക്ലിഷ്ടം-കഠിനം, പ്രയാസം, ഉപവാസി-ഭക്ഷിക്കാതിരിക്കൽ
യേശുവിനു സഹനം ചേർന്നതല്ലെന്നാണു വാദം. കല്ല് അപ്പമാകാൻ രക്ഷകനെ ചെകുത്താൻ പ്രേരിപ്പിച്ചു. വിശക്കുക ദൈവപുത്രനു ചേർന്നതല്ലെന്നത്രേ ആ കൗശലക്കാരന്റെ യുക്തി. സഹനം ദൈവപുത്രനു ചേർന്നതെല്ലെന്നത്രേ ഇവിടത്തെ തന്ത്രം.
295–298 കുരിശിൽനിന്നു ഇറങ്ങിവരുന്ന അത്ഭുതമാണ് അവിശ്വാസികൾക്കു കാണേണ്ടത്. ക്ഷമയുടെ അത്യത്ഭുതം കാണാൻ അവർക്കു കണ്ണില്ല.
മായ-കൺകെട്ടുവിദ്യ, പതിതൻ-അധഃപതിച്ചവൻ

2

ഉത്തരം സിദ്ധിച്ച അർത്ഥന

(ഓമനക്കുട്ടൻ)

വിശ്വസിച്ചൊരു തസ്കരൻ ക്രിസ്തു-
പാർശ്വത്തിങ്കലേ ക്രൂശിന്മേൽ
ഉള്ളുരുകിക്കരഞ്ഞവനൊരു
കള്ളനായിരുന്നെങ്കിലും

"ഓർത്തുകൊള്ളുകിദ്ദാസനെ പ്രഭോ, 302
ചീർത്തതാപത്തിലാണു ഞാൻ
കർത്തൃത്വത്തിൽ നീ വാഴുമ്പോഴെന്നെ
ച്ചേർത്തുകൊള്ളുനിൻരാജ്യത്തിൽ"
ആക്ഷേപത്തിൽ കൊടുംമഴു ക്രൂശു-
വൃക്ഷത്തിലേറ്റിയേറെപ്പേർ
പാപമോചനപ്പൂവിറുക്കുവാൻ
പാപികൈനീട്ടിയാർത്തനായ് 310

299–310 "കർത്താവേ നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളണമേ" (ലൂക്കോ. 23:42)

തസ്കരൻ–കള്ളൻ

ക്രിസ്തുവിന്റെ പാർശ്വത്തിങ്കലേ കുരിശിന്മേൽ ഒരു തസ്കരൻ വിശ്വസിച്ചു. കള്ളനായിരുന്നെങ്കിലും അവൻ ഉള്ളുരുകിക്കരഞ്ഞു.

ചീർത്ത–വർദ്ധിച്ച. താപം–ദുഃഖം. കത്തൃത്വം–അധികാരം. പ്രഭോ–മേലധികാരമുള്ളവനേ

ഈദാസനെ പ്രഭോ, ഓർക്കണമേ. ഞാൻ വലിയദുഃഖത്തിലാണ്. "നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെയും ഓർക്കണമേ."

കൊടും–ക്രൂരതയുള്ള. ആർത്തൻ–ദുഃഖിതൻ

ആക്ഷേപത്തിന്റെ മൂർച്ചയുള്ള മഴുവാണ് ക്രൂശുവൃക്ഷത്തിന്മേൽ പലരും പതിപ്പിച്ചത്. ദുഃഖിതനായ പാപി പാപമോചനപ്പൂവിറുക്കാൻ കൈനീട്ടി.

കള്ളനുണ്ടായി വിശ്വാസത്തിന്റെ
വെളളിവെട്ട മഹച്ഛവി;
ക്രിസ്തു ചൊല്ലിടും രാജ്യത്തിന്നുടെ
നിസ്തുല ദിവ്യമാധുരി
ഐഹികമല്ലക്രിസ്തുരാജ്യമെ-
ന്നൈകാഗാരികനോർക്കയായ്
മൃത്യുവക്ത്രത്തിൽപ്പെട്ടവനുടെ-
യർത്ഥനഹൃത്തുരുകിയാം
ഒന്നുമാത്രമവന്നുവേണ്ടതു
നന്ദിതമായൊരോർമ്മതാൻ
മാപ്പിനർഹതനേടിയോരുടെ
ഗ്രൂപ്പിലപ്പേരുചേരണം
ഏകമാം തിരുവായ്മൊഴിമാത്രം
തൂകി ക്രൂശിതനുത്തരം
നിസ്തുല"പറുദീസവാഗ്ദാനം"
ഉത്തരത്തിലെസ്സാന്ത്വനം. 326

311–326 ഛവി–ശോഭ, പ്രഭ. മഹച്ഛവി–ശ്രേഷ്ഠമായപ്രഭ
വിശ്വാസത്തിന്റെ മഹത്തായ പ്രകാശം കള്ളനുണ്ടായി; ക്രിസ്തുരാജ്യത്തിന്റെ നിസ്തുലമാധുരി അവനനുഭവിച്ചു.
ഐഹികം–ഈ ലോകത്തെ സംബന്ധിച്ചത്. ഐകാഗാരികൻ–കള്ളൻ
ഈ ലോകത്തെസംബന്ധിച്ചതല്ല ക്രിസ്തുവിന്റെ രാജ്യം എന്നു കള്ളൻ മനസ്സിലാക്കി.
വക്ത്രം–വായ്. മൃത്യുവക്ത്രം–മരണത്തിന്റെ വായ്
അവൻ കുരിശിന്മേലാണ്. മരണം പിളർത്തിയ വായുടെ മുമ്പിലാണ്. ഹൃത്തുരുകിയാണ് അവന്റെ അപേക്ഷ. അനുസ്മരണമാത്രമാണ് അവൻ ആവശ്യപ്പെടുന്നത്. മാപ്പിനർഹതയുള്ളവരുടെ പട്ടികയിൽ തന്നെയും ചേർക്കണം. ഈ അർത്ഥനയ്ക്കേ ഉത്തരം സിദ്ധിച്ചുള്ളു. ആ പ്രത്യുത്തരമോ? പറുദീസാ വാഗ്ദാനവും.

3

ഉത്തരം കിട്ടാത്ത പ്രാർത്ഥന

(മാവേലി)

പങ്കിലമാനസർ സ്വന്തപാപ-
ച്ചെങ്കടൽ തെല്ലുമേ കാണ്മതില്ല
ക്രിസ്തുവിൻ ചാരത്തുനിന്നുയർന്നു
സത്യനുതാപമില്ലാത്ത ശബ്ദം
ഭീഷിതമായിടും ക്രൂശിൽചാഞ്ഞ
മോഷകനേശുവിനോടുചൊന്നു:
"നിന്നെ രക്ഷിക്കു നീ ക്രിസ്തുവല്ലേ?
ഖിന്നതയേറിടും ഞങ്ങളേയും."

എന്തുകൊണ്ടീവിധം വെന്തിടുന്നു? 334
സന്താപമേറെപ്പരന്നിടുന്നു?
യാതനതീർക്കുവാനല്ലയെങ്കിൽ
വേദനക്കാരനിന്നെന്തുവേണം?
ആത്മരുജയോർത്തു മോങ്ങിടാൻ നി
രാത്മവാദിക്കിങ്ങൊരുക്കമില്ല.

327–334 മനസ്തപിക്കാത്ത കള്ളൻ ക്രിസ്തു പാർശ്വത്തിലെ കുരിശിൽ കിടന്നു. ലോകദുരിതത്തിൽ നിന്നുള്ള വിടുതൽ മാത്രമാണ് അവനുവേണ്ടത്. അവൻ പറഞ്ഞു:

"നീ ക്രിസ്തുവല്ലയോ? നിന്നെത്തന്നെയും ഞങ്ങളേയും രക്ഷിക്കുക എന്നു പറഞ്ഞുകൊണ്ടു അവനെദുഷിച്ചു." (ലൂക്കോ. 23:39)

പങ്കില–ചളിയുള്ള. മോഷകൻ–കള്ളൻ. ഭീഷിത–പേടിപ്പിക്കപ്പെട്ട. ഖിന്നത–സങ്കടം

335–346 ശാരീരിക വേദനമാത്രം തീർക്കാൻ നോക്കുന്നവരുടെ വേദാന്തം. എന്തുകൊണ്ടു ഇത്രയധികം വേദന? യാതന–തീവ്രവേദന
വേദനക്കാരനു തീവ്രദുഃഖം തീരുന്നതിനുള്ള പദ്ധതിയാണുവേണ്ടത്.
രുജ–രോഗം, ആത്മരുജ–ആത്മാവിന്റെ രോഗം. മോങ്ങുക–കുരയ്ക്കുക
ആത്മരോഗങ്ങളെക്കുറിച്ചു കരയുവാൻ ആത്മബോധമില്ലാത്തവർക്കു ഒരുക്കമില്ല. (മതപക്ഷവാദികളുടെ പാപബോധത്തെ ആക്ഷേപിക്കുകയാണിവിടെ) ലോകത്തിലെ വേദനതീർക്കാൻ പണിപ്പെടാത്ത പദ്ധതികൾ ആവശ്യമില്ലത്രേ (ഇവിടെയും മതത്തെ ചോദ്യം ചെയ്യുന്നു)
ലോഭി–അത്യാഗ്രഹമുള്ളവൻ
പാപപ്പൊറുതിക്കു വേണ്ടിമാത്രം അത്യുൽക്കണ്ഠവേണോ?
മതിപ്രകർഷകർ–ബുദ്ധിശ്രേഷ്ഠതയുള്ളവർ

വേദനതീർക്കുവാൻ നോക്കിടാത്ത
വേദക്കുരുക്കുകളാർക്കുവേണം?
പാപപ്പൊറുതിക്കുവേണ്ടിയേറെ
ലോഭിയായ്ത്തീരണമോ മനുഷ്യൻ?
ഓടുകവേണോ മതമുയർത്തും
ചോടുകൾ നോക്കിമതിപ്രകർഷൻ? 346

ആണികൾ ഊരിയപ്പീഡിതന്റെ
പാണിതൻ ക്ലേശമൊഴിച്ചുവെങ്കിൽ:
ക്രൂശിത സ്ഥാനത്തുനിന്നുസ്വസ്ഥ-
ഭാസുരസ്ഥാനത്തേക്കെത്തിച്ചെങ്കിൽ;
ആതങ്കം വിട്ടവൻശുദ്ധവാത-
സ്വാതന്ത്ര്യമണ്ഡലം പൂകിയെങ്കിൽ
എത്തരം ജീവിതമായിരുന്നാ-
മർത്യൻ നയിക്കുവതാർക്കറിയാം?
തസ്കര വൃത്തി തുടർന്നിടുമോ
ഭാസ്കരനാകാൻ കൊതിച്ചിടാതെ?
ചിത്ഗതികണ്ടിടും തമ്പുരാന്റെ
പ്രത്യുത്തരമപ്പോൾ കേട്ടതില്ല
ശക്തികാട്ടീടുവാൻ മാത്രമായി
പ്രാർത്ഥന ഈശൻ ശ്രവിപ്പതില്ല 360

മതം പറയുന്നതു കേട്ടു ബുദ്ധിശ്രേഷ്ഠതയുള്ളവർ ഓടണമെന്നുണ്ടോ?

347–360 പീഡനം ഒഴിവാക്കിയാൽ ആ പിറുപിറുപ്പുകാരൻ രക്ഷപ്പെടുമോ? ആണികൾ ഊരി ആ കള്ളനെ ക്രൂശിൽനിന്നും രക്ഷപ്പെടുത്തിയെങ്കിൽ, ക്രൂശിൽനിന്നുമാറ്റി സ്വസ്ഥതയുടെ സ്ഥാനത്തേക്കു അവനെ മാറ്റിയെങ്കിൽ. ആതങ്കം–ദുഃഖം. ശുദ്ധവാത മണ്ഡലം–ശുദ്ധവായു വീശുന്ന സ്വാതന്ത്ര്യത്തിന്റെ ദിക്ക്. ദുഃഖംവിട്ടു സ്വാതന്ത്ര്യം പ്രാപിച്ചെങ്കിൽ ആ മനുഷ്യൻ എങ്ങനെയുള്ള ജീവിതം നയിക്കുമായിരുന്നു.

ഭാസ്കരൻ–വീരൻ, ഭാസുരൻ

ശോഭിക്കുന്നജീവിതത്തിനുപകരം മോഷണം തുടരുമായിരുന്നോ?

ചിത്ഗതി–ബോധഗതി. മാനസികഗതി അറിയുന്ന ഈശ്വരന്റെ മറുപടി അപ്പോൾ ഉണ്ടായില്ല..ശക്തികാണിക്കുവാൻ വേണ്ടിമാത്രം ഈശ്വരൻ പ്രാർത്ഥന ശ്രവിക്കുകയില്ല.

4

ബുദ്ധിജീവികളും കുരിശും

(മഞ്ജരി)

ശാസ്ത്രിമാർ, മൂപ്പന്മാർ, ശ്രേഷ്ഠപുരോഹിതർ
നിസ്ത്രപം നിന്നു കുരിശിൻ ചോട്ടിൽ
ആദ്ധ്യാത്മപൂഞ്ജത്തെക്കണ്ടോലറിയാത്ത
ബുദ്ധിതൻ കുത്തകപ്പാട്ടനാട്യർ
ആക്ഷേപഹാസ്യം പൊഴിച്ചവരുച്ചത്തിൽ
കൊഞ്ഞനം കാട്ടലിലദ്ധിതീയർ
"രക്ഷിച്ചാനന്യരെ സ്വന്തരക്ഷക്കാര്യ-
മീക്ഷിക്കാതുള്ള കിടപ്പുകണ്ടോ?
ഇസ്രായേൽരാജാവെന്നാർക്കുന്നവനിപ്പോൾ
ക്രൂശിൽ നിന്നെന്തേയിറങ്ങിടാത്തു?
അംഗീകരിക്കാമിവരിക്ഷണമവൻ
തുംഗമാമിക്രൂശുവിട്ടു വന്നാൽ
ദൈവത്തിലാശ്രയുണ്ടെന്നു വീമ്പെങ്കിൽ
ദൈവം രക്ഷിക്കട്ടിവനെ ദ്രുതം" 374

---

361 – 374 ഇന്നത്തെ ബുദ്ധിജീവികളുടെ അന്നത്തെ പ്രതിപുരുഷന്മാരാണ് ശാസ്ത്രിമാരും മൂപ്പന്മാരും ശ്രേഷ്ഠപുരോഹിതരും. അവർ കുരിശിനെ നോക്കി പരിഹസിച്ചു: "ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. തന്നെത്താൻ രക്ഷിക്കാൻ കഴിയുകയില്ല. അവൻ ഇസ്രായേലിന്റെ രാജാവാകുന്നുവെങ്കിൽ ഇപ്പോൾ ക്രൂശിൽ നിന്നിറങ്ങി വരട്ടെ; എന്നാൽ ഞങ്ങൾ അവനിൽ വിശ്വസിക്കും. അവൻ ദൈവത്തിൽ ആശ്രയിക്കുന്നു; അവനു ഇവനിൽ പ്രസാദമുണ്ടെങ്കിൽ ഇപ്പോൾ വിടുവിക്കട്ടെ." (മത്താ. 27: 42–43)
നിസ്ത്രപം – ലജ്ജയില്ലാതെ. പുഞ്ജം – കൂമ്പാരം. ബുദ്ധിതൻ.....നാട്യർ– ബുദ്ധിയുടെ കുത്തകപ്പാട്ടം ഉണ്ടെന്നു നടിക്കുന്നവർ.
കൊഞ്ഞനം – ചുണ്ടു കൊണ്ടു കാണിക്കുന്ന ഗോഷ്ടി.
അദ്ധിതീയർ – ഒന്നാമന്മാർ. ഈക്ഷിക്കാതുള്ള – കാണാതുള്ള
തുംഗം – ഉയർന്നത്. വീമ്പ് – ഗർവ്വം

375–378 ശിക്ഷാകരൻ – ഉപാധ്യായൻ. ശരനിപുണർ – അസ്ത്രവിദഗ്ധർ
രക്ഷകൻ, ദൈവപുത്രൻ, ഇസ്രായേൽ രാജാവ് എന്നീ പേരുകളിൽ ക്രിസ്തു അഭിമാനം കൊണ്ടിരുന്നു. ഓരോ പേരും പൊക്കിപ്പിടിച്ചു അവർ ക്രിസ്തുവിനെ താറടിച്ചു.

"രക്ഷകൻ", "ദൈവസുത", "നിസ്രായേലിന്റെ
ശിക്ഷാകര" നെന്നീസംജ്ഞകളെ
ഓരോന്നും കൂരമ്പുപോലെ തൊടുത്തവർ
ക്രൂരഹാസത്തിൽ ശരനിപുണർ 378

ത്രാണിയില്ലത്രേ സ്വയം ത്രാതാവാകുവാൻ
ആണിമേൽ തൂങ്ങിക്കിടപ്പവന്ന്
രാജ്യ രക്ഷയ്ക്കായിയുദ്ധം നടത്തവേ
രാജഭടൻ സ്വയം രക്ഷിക്കുമോ?
വെട്ടം പരത്തണമെങ്കിലാദിത്യന്നു
വെട്ടിത്തിളങ്ങാതൊളിച്ചിടാമോ?
വിശ്വത്തിൽ രക്ഷവരിക്കാൻ കുരിശിന്റെ
ശാശ്വതയജ്ഞസമ്പൂർത്തിവേണം 386

ത്രാണി – കഴിവ്. ത്രാതാവ് – രക്ഷിക്കുന്നവൻ
ആണിമേൽ തൂങ്ങിക്കിടക്കുന്നവനു തന്നെത്താൻ രക്ഷിക്കാൻ കഴിവില്ല. കാരണം പറയുന്നു: രാജ്യത്തെ രക്ഷിക്കണമെന്നുണ്ടെങ്കിൽ യോദ്ധാവിനു തന്നെത്താൻ രക്ഷിക്കാൻ സാധിക്കുമോ?
വെട്ടം പരത്തണമെങ്കിൽ സൂര്യനു വെട്ടിത്തിളങ്ങാതെ ഒളിക്കാൻ പറ്റുമോ? കുരിശിന്റെ ശാശ്വത യജ്ഞസമ്പൂർത്തികൊണ്ടേ വിശ്വരക്ഷസാധിക്കൂ.
ആദിത്യൻ – സൂര്യൻ

387–392 വിപൽഘട്ടങ്ങളാണു നിർമ്മതക്കാർക്കുകൊയ്ത്തുകാലം. അപ്പോൾ പെയ്ത്തും മഴയും ഇടിയുമുണ്ടാകും. അവൻ ചോദിക്കും. നിങ്ങളുടെ ദൈവം എവിടെപ്പോയി? തൊന്തരവുകൾ എന്തുകൊണ്ടു അവൻ ഒഴിവാക്കുന്നില്ല?
തൊന്തരവ് – കുഴപ്പം, ഉപദ്രവം
ചീർത്ത ഗർവ്വം – വലിയ അഹങ്കാരം
ചീറ്റൽ – സീൽക്കാര ശബ്ദം പുറപ്പെടുവിക്കൽ.

കൊയ്ത്തിവർക്കുണ്ടാകുമത്യാപത്തെത്തിയാൽ
പെയ്ത്തും മഴയുമിടിയുമാകും
"എങ്ങുപോയീദൈവമെന്തേയവൻ വരും–
തൊന്തരവൊക്കെയൊഴിച്ചിടാത്തു?"
ആർത്തവരുച്ചത്തിൽ മോങ്ങിടാറുണ്ടെന്നും
ചീർത്ത ഗർവ്വത്തിന്റെ ചീറ്റൽ പോലെ 392

അത്ഭുതം കാട്ടിയെന്നാകട്ടെ ക്രൂശിതൻ
ശസ്ത്രക ബന്ധനം വിട്ടിടട്ടെ
ഉദ്ധതർ വിശ്വസിച്ചീടുമോ "ബേൽസബൂ"
ശക്തികൊണ്ടെന്നു പുലമ്പുകില്ലേ?
കല്ലറ വിട്ടതാംലാസറിനെ യൂദർ
നല്ലോണം കണ്ടില്ലേ? വിശ്വസിച്ചോ? 398

393–398 ശസ്ത്രകം – ഇരുമ്പ്. ബന്ധനം – കെട്ട്
ഉദ്ധതൻ – അഹങ്കാരി
അത്ഭുതം കാട്ടിക്രിസ്തു കുരിശിൽ നിന്നിറങ്ങിയാൽ അഹങ്കാരി വിശ്വസിക്കുമോ? ബേൽസബൂ ശക്തികൊണ്ടു എന്നു അവർ പുലമ്പുകയില്ലേ? കല്ലറ വിട്ടു എഴുന്നേറ്റു വന്ന ലാസറിനെ യൂദന്മാർ കണ്ടതാണല്ലോ. വിശ്വസിച്ചോ?

5

കിരീടക്കൊതി

(മാവേലി)

അന്തികത്തെങ്ങും വിഭ്രാന്തിയായി
സന്തപ്തമന്ത്രം ശ്രവിച്ച നേരം
"ഏലോഹി, ഏലോഹി.... " എന്നു ക്രിസ്തു
''ഏലിയാവെവിളി'' എന്നു കേട്ടോർ
തെറ്റിദ്ധരിക്കുകയാണുലോകം
മാറ്റുതെളിക്കേണ്ട വേളയിലും
ക്രിസ്തുവിൽ രോദനമിത്തരത്തി–
ലർത്ഥം മറിച്ചിടാനെന്തു ബന്ധം? 406

ഏലിയാവന്നെന്നും വന്നില്ലെന്നും
മാലോകർക്കുണ്ടു പറച്ചിലേറെ
വന്നില്ലെന്നാകിലിക്രൂശിലുള്ളോൻ
മുന്നമേ പാർത്തൊരാ ക്രിസ്തു വല്ല!
വന്നില്ലന്നല്ലയോ മാഴ്കിടുന്നു
നിന്ദ്യം കഴുവിൽ കുഴങ്ങിടുന്നോൻ
രൂക്ഷപരിഹാസവെണ്മഴുവാ–
അക്ഷയവൃക്ഷക്കടയ്ക്കുവെട്ടി. 414

399–406 സന്തപ്ത – ദുഃഖിച്ച, ചുട്ടുപഴുത്ത. മന്ത്രം – രഹസ്യം. സന്തപ്തമന്ത്രം – ദുഃഖരഹസ്യം

"ഒൻപതാം മണിനേരത്തു ഈശോ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതു എന്ത് എന്നു അർത്ഥമുള്ള ഏലോഹി ഏലോഹിലമ്മ ശബ്ബക്താനി എന്നു അത്യുച്ചത്തിൽ നിലവിളിച്ചു. അരികെ നിന്നവരിൽ ചിലർ കേട്ടിട്ടു അവൻ എലിയാവെ വിളിക്കുന്നു എന്നു പറഞ്ഞു." (മർക്കോ. 15:34–35)

വിഭ്രാന്തി – പരിഭ്രമം, കുഴപ്പം

കുരിശിലെ ദുഃഖ നിലവിളി അടുത്തു നിന്നവരെ പരിഭ്രാന്തരാക്കി.

"ഏലോഹി, ഏലോഹി...." എന്നു നിലവിളി

"ഏലിയാവെ വിളി " എന്നു പ്രതികരണം

മാറ്റ് – സ്വർണ്ണത്തിന്റെയും മറ്റും ഗുണം

ആധ്യാത്മികതയുടെ മാറ്റു വെളിപ്പെടുത്തേണ്ട സന്ദർഭത്തിലും ലോകം തെറ്റിദ്ധരി

ഏലിയാവന്നു കഴിഞ്ഞു പോയി
ഏലിശ്വാസൂനു "മാംദാന"യായി
പാപപ്പൊറുതി തൻദൂതുരച്ച
സ്നാപകവേദം വെറുത്തുയൂദർ
ഭോഗങ്ങളേറി മറിഞ്ഞിടുമ്പോൾ
ത്യാഗത്തിൽ കാഹളമാർക്കു ചേരും? 420

ക്രൂശിന്മേലാണു കിടപ്പതേശു
ക്രൂശുപേക്ഷിക്കുക ശക്യമാമോ?
ക്രൂശിൽ നിന്നങ്ങൊന്നിറങ്ങേണമേ
യേശുവേ, എന്നാണിവർക്കപേക്ഷ
അപ്പരുക്കൻ കുരിശാർക്കു വേണം
പുഷ്പം നിറച്ച മുടിയിരിക്കെ? 426

ക്കുകയാണ്. ക്രിസ്തുവിനെ ഇങ്ങനെ തെറ്റിദ്ധരിക്കാൻ എന്താണു കാരണം?

407 – 414 ഏലിയാ വന്നെന്നും.....ഏലിയായെക്കുറിച്ചു വ്യത്യസ്തമായ അഭിപ്രായങ്ങൾ. മിശിഹായിക്കു മുമ്പേ ഏലിയാവരുമെന്നാണു വിശ്വാസം. ഏലിയാവന്നു കഴിഞ്ഞിട്ടില്ലത്രേ. എങ്കിൽ ക്രൂശിൽ കിടക്കുന്നതു മൂന്നമേ പ്രതീക്ഷിച്ച ക്രിസ്തുവല്ല. ക്രൂശിതൻ ഏലിയാവെ വിളിക്കുന്നതിന്റെ അർത്ഥം ഏലിയാവുവന്നില്ലെന്നു തന്നെയല്ലേ?

രൂക്ഷം – കടുപ്പമുള്ള. കട – ചുവട്. അക്ഷയ – നാശമില്ലാത്ത
നാശമില്ലാത്ത വൃക്ഷത്തിന്റെ ചുവടുനോക്കി കടുത്ത ആക്ഷേപക്കൊടുവാളിന്റെ പ്രയോഗം.

415–420 ഏലിയാവന്നെങ്കിലും യഹൂദർ സ്വീകരിച്ചില്ല
ഏലിശ്വാ – ഏലി സബേത്ത്, സക്കറിയാ പുരോഹിതന്റെ ഭാര്യ
ഏലിശ്വാസൂനു – ഏലിസബേത്തിന്റെ പുത്രൻ
ക്രിസ്തുവിനു വഴിയൊരുക്കിയ മാംദാനയായിരുന്നു ഏലിയാ.
യേശു മാംദനയെപ്പറ്റി പറഞ്ഞു. "വരാനിരിക്കുന്ന ഏലിയാ ഇദ്ദേഹം തന്നെയാകുന്നു. ചെവിയുള്ളവൻ കേൾക്കട്ടെ" (മത്താ: 11: 14–15) പാപപ്പൊറുതിയുടെ സന്ദേശം പ്രസംഗിച്ച സ്നാപകനെ യഹൂദർ സ്വീകരിച്ചില്ല. സുഖങ്ങൾ മത്തടിച്ചു ആർക്കുമ്പോൾ ത്യാഗത്തിന്റെ വിളി ആർക്കുവേണം?

421 – 426 യേശുവും കുരിശും
കുരിശിലാണ് യേശു കിടക്കുന്നത്. അതു ഉപേക്ഷിക്കുക അവിടുത്തേക്കു സാധ്യമല്ല. കുരിശിൽ നിന്നു യേശു ഇറങ്ങണമെന്നു ആഗ്രഹിക്കുന്ന അനേകരുണ്ട്. പുഷ്പം നിറച്ച മുടിയുള്ളപ്പോൾ പരുപരുത്ത കുരിശു ആർക്കാണ് വേണ്ടത്?

6

റോമൻ പട്ടാളത്തിന്റെ ഭർത്സനം

(ഓമനക്കുട്ടൻ)

ആക്രോശിക്കുന്നു റോമൻ പട്ടാളം
അക്രമം ചെയ്തൊരസ്വരർ–
വീഞ്ഞുപൊക്കിപ്പിടിച്ചു ക്രൂശിനെ–
ക്കൊഞ്ഞനം കാട്ടിനിർദ്ദയം
"തന്നെത്താനെ നീ രക്ഷിച്ചീടുക
ഖിന്നനാം യൂദരാജാവേ" 432

ഗർവ്വിഷ്ഠരാകും യോധരാലേറെ
ചർവ്വിത മാണിബ്ഭർത്സനം
"ഈഹൂദ" രാജാവെന്നാണുസേന–
യാഹ്വാനം ചെയ്യുന്നീശനെ
എല്ലാദേവതമാരും ദേശീയ–
രില്ലതിനൊരു സംശയം
ബാബിലോണിയർ, റോമർ, ഗ്രേക്കരു
മീ ബഹുദേവ പൂജകർ
ഒറ്റദേവനും ക്രൂശിന്മേൽ ചായാൻ
പറ്റിയിട്ടില്ല ദുർവ്വിധി 442

427–432 "പടയാളികളും അവനെ പരിസഹിച്ചു. അടുത്തുവന്നു അവനെ പുളിച്ചവീഞ്ഞുകാണിച്ചു. നീ യഹൂദന്മാരുടെ രാജാവെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക എന്നു പറഞ്ഞു."
(ലൂക്കോ 23:36–37)
ആക്രോശിക്കുക – നിന്ദിച്ചുറക്കെപ്പറയുക. അക്രമം – നീതികേട്
അസ്വരർ – ക്രൂരശബ്ദമുള്ളവർ
433 – 442 ഗർവ്വിഷ്ഠ – അഹങ്കാരമുള്ള. യോധർ – യോദ്ധാക്കൾ
ചർവ്വിത – ചവയ്ക്കപ്പെട്ട. ഭർത്സനം – നിന്ദാവാക്കുച്ചരിക്കൽ
തന്നെത്താൻ രക്ഷിക്കുക എന്ന കുരിശിനെ നോക്കിയുള്ള നിന്ദനം ഏറെ ആവർത്തിക്കപ്പെട്ടിട്ടുള്ളതാണ്.
ഈഹൂദരാജാവ് – യഹൂജരാജാവ്. ആഹ്വാനം ചെയ്യുക – വിളിക്കുക

ഇസ്രായേലിന്റെ ദേവനാകുമീ–
നസ്രായനേറെത്താഴ്ന്നവൻ
ഇത്രനിസ്സാരനായൊരുത്തനി–
പ്പാർത്തലത്തിലുണ്ടാകുമോ?
ആരുതൂങ്ങിടുമിത്തരമൊരു
പീറയാം ക്രൂശിൽ മേലിലും?
ഭദ്രമായിദം ബന്ധനം ചെയ്തു
മുദ്രകുത്തിയോർ തങ്ങൾ താൻ 450

യഹൂദരാജാവെന്നാണ് സേന യേശുവിനെ വിളിക്കുന്നത്. രൂക്ഷമായ പരിഹാസമാണിത്. അവരുടെ അഭിപ്രായമനുസരിച്ചു എല്ലാ ഈശ്വരന്മാരും ദേശീയ ദേവതകളാണ്. ബാബിലോണിയരും റോമറും ഗ്രേക്കറുമെല്ലാം ഇത്തരം ബഹുദേവ പൂജകരാണ്. ഒരു ദേവനും ക്രൂശിൽ കിടന്നു പിടഞ്ഞിട്ടില്ല.

443–450 ഇസ്രായേലിന്റെ ദേവനെപ്പോലെ ഇത്ര ദയനീയനായ മറ്റൊരു ദേവനില്ല.
പീറ – കീറിയ, ചീത്ത
കുറ്റവാളിക്കു രക്ഷപ്പെടാൻ പാടില്ലാത്ത വണ്ണം കുരിശിക്കൽ നിർവ്വഹിച്ച തങ്ങളുടെ സാമർത്ഥ്യത്തെപ്പറ്റിയുള്ള വീമ്പടിയുടെ സ്വരവും അവരുടെ വാക്കുകളിൽ നിഴലിക്കുന്നുണ്ട്

7

ശതാധിപനും ആരാധനയും

(അന്നനട)

കുരിശിന്മേൽ യേശു പിടഞ്ഞിടും നേരം
അരുണബിംബത്തെ മറച്ചിരുൾച്ചുരുൾ
വസുന്ധരയുടെ ഹൃദയം ഭേദ്യമായ്
ശ്വസനനന്മരന്നചഞ്ചലനായി
വിശുദ്ധപ്രാർത്ഥനാഭവനത്തിന്നുടെ
വിശിഷ്ടമായിടും തിരുമറകീറി
കരിമ്പാറഞെട്ടി മനുഷ്യചിത്തങ്ങൾ
തരിമ്പുപോലുമേ ഇളക്കമറാതായ്
സമുദ്രശംബരം പിളർത്തിയീശ്വരൻ
സ്വമുദ്രചാർത്തിയ ജനത്തിനായ് പുരാ
പെരുത്തപാപത്തിൻ കടും പിടിവിട്ടി–
നരാഖ്യവ്യൂഹത്തെസ്സമുദ്ധരിക്കുമീ–
ത്തിരുമുഹൂർത്തത്തിൽ ചരാചരങ്ങളെ–
ന്തുരത്തമാറ്റങ്ങളുളവാക്കീടണം? 466

451–466 ക്രിസ്തുവിന്റെ കുരിശാരോഹണ വേളയിൽ പ്രകൃതിയുടെ ഭാവഭേദം.
അരുണബിംബം – സൂര്യബിംബം. വസുന്ധര – ഭൂമി. ശ്വസനൻ – വായു
അമ്പരന്ന് – പരിഭ്രമിച്ച്. അചഞ്ചലൻ – ഇളക്കമില്ലാത്തവൻ
ഇരുൾച്ചുരുൾ സൂര്യബിംബത്തെ മറച്ചു; ഭൂമിയുടെ ഹൃദയം പിളർന്നു, വായുനടുങ്ങി ചലനമില്ലാത്തവനായി; പ്രാർത്ഥനാ ഭവനത്തിന്റെ തിരുമറ കീറി, കരിമ്പാറഞെട്ടി, മനുഷ്യചിത്തങ്ങൾ ഇളക്കമില്ലാത്തതായി.
തിരഞ്ഞെടുക്കപ്പെട്ട ജനത്തെ മിസ്രയേമിൽ നിന്നുവിടർത്തിയപ്പോൾ സമുദ്രജലത്തെ പിളർത്തി ഭൂമി അത്ഭുതം കാണിച്ചു.
സമുദ്രശംബരം – സമുദ്രജലം,
സ്വമുദ്രചാർത്തിയ ജനം – സ്വന്തജനമായ ഇസ്രായേൽ. പുരാ – പണ്ടു
ഇസ്രയേല്യരെ മിസ്രയേമിൽ നിന്നു വിടുവിക്കുന്നതിനേക്കാൾ എത്രയോ വലിയ കാര്യമാണ് പാപത്തിന്റെ കടുംപിടിയിൽ നിന്ന് മനുഷ്യസമൂഹത്തെ രക്ഷിച്ചെടുക്കൽ. ഈ സന്ദർഭത്തിൽ ചരാചരങ്ങൾ എത്ര വലിയ മാറ്റങ്ങൾ കാട്ടണം.
പെരുത്തപാപം – വർദ്ധിച്ച പാപം. കടുംപിടി – കടുത്തകെട്ട്,
നരാഖ്യവ്യൂഹം – മനുഷ്യ സമൂഹം. സമുദ്ധരിക്കുക – രക്ഷിക്കുക
ഉത്ത മാറ്റം – വലിയ മാറ്റം.

വരുഥിനീനിരയ്ക്കൊരു പ്രധാനനാം
ശതാധിപനൊരാൾ കുരിശു വീക്ഷിച്ചു
കുരിശ്ശിന്മേലേറ്റിപ്പലരെ സേനാനി
ഒരിക്കലും കണ്ടില്ലിതു വിധരംഗം
അമർത്യനായത്രേ കുരിശിതൻ കാണ്മൂ
അമിത്രവ്യൂഹത്തിൻ നിരപ്പുപ്രാർത്ഥിച്ചോൻ
പെരുത്തദൂഷണം ചുഴലവും കേൾപ്പൂ
കരുത്തരില്ലഹോ അമലദൂതരായ്
ശതാധിപനുടൻ കരംരണ്ടും കൂപ്പി
അതീവ ഭക്തനായുരച്ചിതേവിധം
"നിതാന്തവന്ദിതൻ പരമദൈവത്തിൻ
സുതനത്രേസത്യം കുരിശിതിൽ കാണ്മൂ"

യഹൂദതസ്കരൻ വിശുദ്ധിപ്രാപിച്ചു
യഹൂദനല്ലാത്ത ഭടൻ വിമുക്തിയും
കുരിശുമാമരം ഫലം പൊഴിച്ചിദം
ധരിത്രിയെപ്പുനരനുഗ്രഹിക്കുന്നു. 480

467–480 ആരാധ്യനായ ക്രൂശിതൻ

വരുഥിനീ നിര – സൈന്യവ്യൂഹം. ശതാധിപൻ – പടനായകൻ

ആ ശതാധിപൻ പലരെകുരിശിച്ചിട്ടുണ്ട്. ഇതുപോലെ ഒരു രംഗം കണ്ടിട്ടില്ല. ശത്രുക്കളുടെ സമാധാനത്തിനുവേണ്ടി പ്രാർത്ഥിച്ച ക്രൂശിതൻ മരണമില്ലാത്തവനായത്രേ കാണപ്പെട്ടത്.

അമിത്രവ്യൂഹം – ശത്രുവ്യൂഹം. അമർത്യൻ – മരണമില്ലാത്തവൻ. നിരപ്പ് – സമാധാനം. ചുഴലവും – ചുറ്റും. ദൂഷണം – ഏഷണി, അമല ദൂതൻ – പരിശുദ്ധസന്ദേശഹരൻ

കുറ്റം പറച്ചിലാണ് ചുറ്റുപാടും കേൾക്കുന്നത്. പരിശുദ്ധ സന്ദേശഹരന്മാരാകുന്നതിനു ശക്തി ആർക്കുമില്ല. കൈ രണ്ടും കൂപ്പി ശതാധിപൻ അതീവഭക്തിയോടെ പറഞ്ഞു.

നിതാന്തവന്ദിതൻ – ഏറ്റം വന്ദിക്കപ്പെട്ടവൻ

"ഈ കുരിശിൽ കാണുന്നത് ഏറ്റം വന്ദനീയനായ ദൈവത്തിന്റെ പുത്രൻതന്നെ' (മർക്കോ . 15:39)

യഹൂദതസ്കരൻ വിശുദ്ധിപ്രാപിച്ചു ; റോമൻ പടയാളി വിമുക്തിയും.

വിമുക്തി – മോക്ഷം

ഇങ്ങനെ കുരിശുവൃക്ഷം ഫലം പൊഴിച്ചു ഭൂമിയെ അനുഗ്രഹിക്കുന്നു.

നാലാം ഭാഗം

ഉത്ഥാനദൂത്

1

പേരുവിളിക്കുന്നനായകൻ

(ഓമനക്കുട്ടൻ)

ശൂന്യകല്ലറ കണ്ടു കേഴുന്നു
ഖിന്നയാം മേരിമഗ്ദലൻ
ഗന്ധക്കൂട്ടുകൾ കൊണ്ടുവന്നവൾ
ബന്ധുരാംഗനർച്ചിക്കുവാൻ
ആരുമാറ്റും കുടീരം മൂടിയ
പാറയെന്നാർത്തയാകവേ
തട്ടിമാറ്റിയ കല്ലുകണ്ടവൾ
ഞെട്ടി, മംഗലനെങ്ങുപോയ്?
ആരെടുത്തുമറച്ചുവോ സ്വർഗ്ഗ-
ചാരുരൂപകളേബരം?
കാണുന്നില്ലല്ലോകല്ലറയ്ക്കുള്ളിൽ
പ്രാണവല്ലഭവിഗ്രഹം! 492

481–492 ഗുരുവിന്റെ മൃതദേഹം കല്ലറയിൽ കണ്ടെത്താതെ മേരിമാഗ്ദലൻ കരയുന്നു.
ശൂന്യം – ഒഴിഞ്ഞ സ്ഥലം. ഖിന്ന – വേദന അനുഭവിക്കുന്നവൾ
ബന്ധുരാംഗൻ – മനോഹരശരീരമുള്ളവൻ. കുടീരം – കുടിൽ
അർച്ചിക്കുക – പൂജിക്കുക. ആർത്തയാവുക – ദുഃഖമുള്ളവളാകുക,
കളേബരം – ശരീരം. വിഗ്രഹം – ശരീരം

493–498 ഉത്ഥാനം ചെയ്യുമെന്നു മുന്നറിയിപ്പു നല്കിയവനെക്കുറിച്ചുള്ള ചിന്ത.
മൃത്യുഗർത്തം – മരണക്കുഴി
ഉത്ഥാനം ഉണ്ടാകുമെന്നു അറിയിച്ചിരുന്നു. മൃതദേഹം കല്ലറയിൽ കാണുന്നുമില്ല. എങ്കിലും ശിഷ്യന്മാർക്ക് ഉത്ഥാനത്തെക്കുറിച്ചു ചിന്തയില്ല.
ദൂതനത്ഭുതം..... യുയിർക്കലും
ക്രസ്തുമരിച്ചതു ദൈവദൂതൻ അത്ഭുതമായി കാണുന്നു. അവിടത്തെ ഉയിർത്തെഴുന്നേൽപ്പു മനുഷ്യന് അത്ഭുതമാണ്. ചിന്ത്യമല്ലത്രേ.

499–512 മൂടൽമഞ്ഞിൽ കാണപ്പെടുന്ന ഒരു അസ്പഷ്ട രൂപം.
ഉടയാട – ഉടുക്കുന്ന വസ്ത്രം. പാടകം – ഗ്രാമത്തിന്റെ ഒരു ഭാഗം
പ്രഭ – ശോഭ. ഇണ്ടൻ – ദുഃഖം. അസ്പഷ്ടം – വ്യക്തമല്ലാത്തത്

ഉത്ഥാനം ചെയ്യുമെന്നു ചൊന്നവൻ
മൃത്യുഗർത്തത്തിലാണ്ടുപോയ്
അത്തനുകാണ്മതില്ലെന്നാകിലും
ഭൃത്യനൂഹമില്ലുത്ഥാനം!
ദൂതനത്ഭുതം ക്രിസ്തുവിൻ മൃതി 496
മർത്യനങ്ങേയുയിർക്കലും!!

മൂടൽ മഞ്ഞുടയാടചാർത്തിയ
പാടകം പ്രഭചൂടവേ,
ഇണ്ടലേറിയ കണ്ണിനാലവൾ
കണ്ടവിടെയസ്പഷ്ടമായ്
പ്രത്യൂഷസ്കിരണം ചുഴലുന്ന
മർത്യരൂപ; മിതാമൊഴി:
"എന്തിനിങ്ങനെ വിങ്ങിടുന്നു നീ–
യന്തമില്ലാതെ താന്തയായ്?"
തോട്ടക്കാരനെന്നോർത്തവൾ ചൊന്നു
കോട്ടവാട്ടമൊട്ടില്ലാതെ

ചുഴലുക – ചുറ്റുക. മർത്യരൂപം – മനുഷ്യാകൃതി
വിങ്ങുക – വേദനപ്പെടുക. താന്തയായ് – താപത്തോടുകൂടിയവളായി
കോട്ടവാട്ടം – കോട്ടവും വാട്ടവും. കോട്ടം – വളവ്, കുറ്റം
വാട്ടം – ക്ഷീണം. തനു – ശരീരം. തൃത്തനു – തിരു ശരീരം
അപഹർത്താവ് – അപഹരണം ചെയ്തവൻ
513– 518 മഗ്ദലേനായുടെ സന്താപാധിക്യം
ഊറ്റം – ശക്തി, അഹങ്കാരം
519 – 530 മേരിയും തോട്ടക്കാരനും
മന്ദ്രം – മേഘപടഹാദികളുടെ ഗംഭീര ശബ്ദം. മധു – തേൻ,
രവം – ശബ്ദം. മധുരവം– തേൻപോലെയുള്ള ശബ്ദം–മധുരമൊഴി
തൂമധുപദം– പരിശുദ്ധമായ തേൻമൊഴി
യോഹ : 20: 14–16 "എന്നാൽ യേശുവാണ് അതെന്നു അവൾക്കു മനസ്സിലായില്ല. യേശു അവളോടു ചോദിച്ചു. സ്ത്രീയേ, എന്തിനാണു നീ കരയുന്നത്? ആരെയാണു നീ അന്വേഷിക്കുന്നത്? അതു തോട്ടക്കാരനാണെന്നു വിചാരിച്ചു അവൾ അവിടുത്തോടു പറഞ്ഞു. 'യജമാനനേ, അങ്ങു അവിടുത്തെ എടുത്തു കൊണ്ടു

"കല്ലറയിങ്കൽ കാണ്മതില്ലെന്റെ
വല്ലഭന്നുടെ തൃത്തനു,
അങ്ങാണീയപഹർത്താവെങ്കിലോ
എങ്ങവനെന്നു ചൊല്ലുമോ?"
നൊന്തിടുന്നവൾ, വെന്തിടുന്നവൾ
സന്താപം കൊണ്ടുഴലുവോൾ
ദുഃഖവെള്ളിമുഴുവൻ കേണവൾ
ദുഃഖസാബത്തുമവ്വിധം
കണ്ടുകിട്ടുകിലമ്മൃത തനു
വീണ്ടെടുക്കുമക്ലേശിത

പെട്ടെന്നുണ്ടായിമന്ദ്രം "മേരി" യ-
ക്കേട്ടറിഞ്ഞ ഗുരുസ്വരം
പേരു ചൊല്ലിവിളിക്കും നായക-
നൂറി വീഴ്ത്തും മധുരവം;
ആണിപ്പാടുകൾ കാണവേ നാരി
പാണികൂപ്പി വിളിച്ചുപോയ്
എബ്രായ ജനമാചാര്യന്നേകും
"റബ്ബോണി" തുമധുപദം

ഉത്ഥിതന്നുടെ പ്രത്യക്ഷരൂപ-
മത്തരുണിക്കു ലബ്ധമായ്
ക്രൂശിൻ ചോട്ടിലടുത്തുനിന്നൊര-
പ്പേശലാംഗിതൻ സൗഭഗം!

പോയെങ്കിൽ എവിടെ വെച്ചു എന്നു എന്നോടു പറയുക. ഞാൻ അവിടുത്തെ എടുത്തുകൊണ്ടുപൊയ്ക്കോള്ളാം. യേശു അവളെ വിളിച്ചു. 'മറിയം' അവൾ തിരിഞ്ഞ് ഗുരുവെന്നർത്ഥമുള്ള 'റബ്ബോണി' എന്നു അവിടുത്തെ വിളിച്ചു.
ഉത്ഥിതൻ – ഉണന്നെഴുന്നേറ്റവൻ
പ്രത്യക്ഷ രൂപം – കണ്ണുകൊണ്ടു കാണപ്പെടുന്ന രൂപം
തരുണി – യുവതി. ലബ്ധമായ് – ലഭിക്കപ്പെട്ടതായി
സൗഭഗം – സൽ ഭാഗ്യം. പേശലാംഗി – സുന്ദരി
ക്രൂശിനോടു അടുത്തു നിന്നതാണ് ആ ഭാഗ്യ ലബ്ധിക്കു അടിസ്ഥാനം.

2

കുരിശും മഹത്വവും

(കേക)

എമ്മാവൂസ്ഗ്രാമാന്തത്തെ–
പ്പൂകിടാൻ ഗമിക്കയായ്
കാർമേഘധ്വാന്തം കൂസാ–
തദ്ധ്വനീനർ രണ്ടുപേർ.
ചീർത്തുള്ളകദനത്തിൽ–
ആഴ്ന്നൊരാപ്പഥികരോ–
ടൊത്തുചേർന്നൊരുപുതു
യാത്രികൻ നിരാലസൻ.
"എന്താണു വൃഥാ ഹേതു?"–
ആഗതൻ ചോദിച്ചപ്പോൾ
സന്താപനിമഗ്നന്മാർ–
ആശ്ചര്യം കൂറിപ്പോയി.
"നാട്ടിലല്ലെന്നോ നിങ്ങൾ–
വീട്ടിലെ വിശേഷങ്ങൾ
ഒട്ടുമൊട്ടറിയാതെ
ദിഗ്ഭ്രമത്തിലാണ്ടെന്നോ?
ഊറിസ്സ്ലേം നഗരത്തിൽ–
കോറിയിട്ട കാര്യങ്ങൾ
ആരാരുമറിയാതെ
ഇദ്ദിനങ്ങളിലുണ്ടോ?"
"എന്താണു വിശേഷം ഹേ?" 550

ഈസ്റ്റർ ദിനത്തിലാണീ സംഭവം. രണ്ടു ശിഷ്യന്മാർ എമ്മാവൂസിലേക്കു പോകയാണ്. ദുഃഖവെള്ളിയുടെ ചിന്താഭാരത്തിൽ നിന്നു അവർ വിമുക്തരായിട്ടില്ല. അവരോടുകൂടെ ചേർന്ന ഒരു സഹചരൻ ചോദിച്ചു. "എന്തിനെക്കുറിച്ചാണു നിങ്ങൾ സംസാരിച്ചു കൊണ്ടു നടക്കുന്നത്?" (ലൂക്കോ. 24:17)

531 – 550 ധ്വാന്തം – ഇരുട്ട്. കൂസാതെ – കൂട്ടാക്കാതെ
അധ്വനീനർ – വഴിപോക്കർ. കദനം – ദുഃഖം. ചീർത്ത – വർദ്ധിച്ച
ആഴ്ന്ന – താണ. പഥികർ – വഴിപോക്കർ

ആഗതൻ ജിജ്ഞാസുവായ്
സന്തപ്തർക്കുണ്ടായ് ബന്ധം
സംഭവം നിബന്ധിക്കാൻ.
നസ്രായനേശുതന്റെ–
സുശ്രുതകഥനങ്ങൾ
ഇസ്രായേൽ വിശേഷമായ്
കഥിച്ചാർ വൃഥിതന്മാർ.
ആശിച്ചതൊരു വിധം–
ക്ലേശിപ്പതനുഭവം
ഏശിയതെല്ലാമോർത്താൽ–
ദുഃഖിപ്പാൻ മാത്രം ന്യായം.
നസ്രായൻ മുടിചൂടും
ഇസ്രായേൽ കൊടിപാറും–
പിശറൊട്ടുണ്ടാകില്ലെ–
ന്നോർത്തു ഹൃത്തിളകവേ,
ദേശികൻ തൂങ്ങീ ക്രൂശിൽ–
കല്ലറ ശൂന്യമായി
ആശകളെല്ലാം പോയി
നാണക്കേടായിമിച്ചം.

വൃഥാഹേതു – ദുഃഖകാരണം. നിമഗ്നർ – മുങ്ങിയ
കൂറിപ്പോയി – പ്രകടിപ്പിച്ചു. ദിഗ്ഭ്രമം – ദിക്കു മാറിത്തോന്നുക
കോറുക – വരഞ്ഞുകീറുക, മുറിക്കുക.
ആരാരും – ആരോരും, ആരുമാരും, ആരുംതന്നെ

551 – 574 യാത്രക്കാരുടെ സംഭാഷണം
യേശുവിനെ വിശ്വസിച്ചവരുടെ നിരാശ
ആഗതൻ – വന്നവൻ. ജിജ്ഞാസ – അറിവാൻ ആഗ്രഹിക്കുന്നവൻ
സന്തപ്തർ – ദുഃഖിതർ. ബന്ധം – കാരണം
നിബന്ധിക്കുക – കെട്ടുക. സുശ്രുത – വളരെ പ്രസിദ്ധപ്പെട്ട
കഥനം – വിവരണം, ആഖ്യാനം. പിശറു – ക്ഷോഭം

575 – 602 കുരിശിന്റെ വിജയരഹസ്യം
മന്ദൻ – മൂഢൻ. പുരാവൃത്തം – പുരാതനകഥ, പഴയനിയമം
മന്ദഹാസപൂർവ്വകം – പുഞ്ചിരിയോടുകൂടി
നന്ദിതൻ – ബഹുമാനിക്കപ്പെട്ടവൻ

ക്രൂശിന്മേൽ പിടയുന്ന–
രക്ഷകനായിട്ടല്ല
ക്ലേശിതർ ഞങ്ങളേറെ–
ക്കാലമായ് കാത്തിരിപ്പൂ".
"മന്ദരേ പുരാവൃത്തം– 575
കേട്ടതില്ലയോ നിങ്ങൾ"
മന്ദഹാസ പൂർവ്വകം
നന്ദിതനുദ്ഘോഷിച്ചാൻ
"നിസ്തുലം ക്രൂശുണ്ടത്രേ
മാറ്റിടാഘടകമായ്
ക്രിസ്തുവിൻ മഹത്വത്തോ–
ടൊട്ടിച്ചേർന്നിരിക്കുന്നു.
പൂർവ്വികപ്രവാചകർ–
എല്ലാരും കാട്ടീട്ടുണ്ടു
പാവന ക്രൂശോടൊത്ത
ക്രിസ്തുവിൻ രക്ഷാചിത്രം.
ഏശായാ, മോശ, മിഖാ
ദാനിയേൽ തുടങ്ങിയോർ

ഉൽഘോഷിക്ക – പരസ്യപ്പെടുത്തുക

"മിശിഹാ ഇതെല്ലാം സഹിച്ചു തന്റെ മഹത്വത്തിലേക്കു പ്രവേശിക്കേണ്ടത് ആവശ്യമായിരുന്നില്ലേ? മോശ തുടങ്ങി എല്ലാ പ്രവാചകരും അവിടുത്തെപ്പറ്റി വിശുദ്ധ ഗ്രന്ഥങ്ങളിൽ എഴുതിയിരുന്നവയെല്ലാം അവിടുന്നു അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു." (ലൂക്കോ 24: 26,27)

നിസ്തുലം – തുല്യതയില്ലാത്ത, അമൃത ഗിരങ്ങളെ – അമൃതമൊഴികളെ

പിത്തളഉരംഗം – പിത്തളസർഷം

മരുവിൻ..... ഉരംഗത്തെ. ഇസ്രായേൽ ജനം മരുഭൂമിയിൽ ഉയർത്തിയ പിച്ചളസർപ്പത്തെയാണ് സൂചിപ്പിക്കുന്നത്.

ദൃഷത്ത് – പാറ

നറുതേൻ..... ദൃഷത്തിനെ. മോശ വടികൊണ്ടടിച്ചപ്പോൾ ശുദ്ധജലം ഒഴുക്കിയ പാറയുടെ കഥ ഇവിടെ സൂചിപ്പിക്കുന്നു.

യേശുവിന്റെ പീഡാസഹനം, ക്രൂശാരോഹണം, കുരിശിന്മേൽ കിടന്നു ഉരുവിട്ട അമൃതമൊഴികൾ, മരുഭൂമിയിൽ ഉയർത്തിയ പിച്ചളസർപ്പം, മോശ അടിച്ചപ്പോൾ തെളിനീർ പുറപ്പെടുവിച്ച പാറ – എല്ലാം പഴയനിയമത്തിലുണ്ട്.

602 – 614 യേശുവിനെ ശിഷ്യർ തിരിച്ചറിയുന്നു

യേശുവിൽ ക്രൂശിൻകാര്യം
മുന്നമേമൊഴിഞ്ഞവർ.
യേശുവിൽ ചരിതത്തെ–
ക്രൂശിലെ കരേറ്റത്തെ
ക്രൂശിൽ നിന്നരുവിട്ട
അമൃതഗിരങ്ങളെ
മരുവിൽ കിളർത്തിയ–
പിത്തള ഉരംഗത്തെ
നറുതേൻ തെളിനീരം
ഒഴുക്കും ദൃഷത്തിനെ
–ചൊല്ലിയിട്ടില്ലെ? ഏറെ
പൂർവ്വിക പ്രവാചകർ
കില്ലില്ലതെല്ലാം തന്നെ
ക്രൂശിനെ സൂചിപ്പിച്ചു"
ഭാഷണം ശ്രവിക്കവേ
ഭാസകരായോർ ശിഷ്യർ
ഭക്ഷണം കഴിക്കവേ
ഈക്ഷണം തെളിഞ്ഞോരായ്
ആപൂപം മുറിച്ചവൻ
വാഴ്ത്തിയ നേരത്തോർത്താർ
അപ്പൂപം ശരീരമായ്–
തീർത്തതാമത്യത്ഭുതം
കൺമുമ്പിൽ നിന്നും മാറീ
പെട്ടെന്നാദിവ്യപ്രഭ
തൻ മുമ്പിലെന്നോണമാ
യാത്രികരാനന്ദിച്ചു.

602

614

ഭാഷണം – സംസാരം. ഭാസകൻ – പ്രകാശിക്കുന്നവൻ. ഈക്ഷണം – കാഴ്ച. ആപൂപം – അപ്പം. പൂപം – അപ്പം. ആപൂപം.... മത്യത്ഭുതം. യാത്രക്കാരൻ അപ്പം എടുത്തുമുറിച്ചു വാഴ്ത്തിക്കൊടുത്തപ്പോൾ അന്ത്യഅത്താഴത്തിൽ അപ്പം ആശീർവദിച്ചു തിരു ശരീരമാക്കിയ അത്യത്ഭുതം അവർ ഓർത്തു. ആ ദിവ്യപ്രഭ പെട്ടെന്നു അപ്രത്യക്ഷമായി, കൺ മുമ്പിലെന്നവണ്ണം ആ പ്രകാശജ്യോതിസിൽ യാത്രക്കാർ ആനന്ദിച്ചു.

3

സ്നേഹവും അധികാരവും

(മാവേലി)

തട്ടിക്കളഞ്ഞതെടുത്തു ചൂടും
കുട്ടിത്തമാണു പലർക്കുമിഷ്ടം
ആഴക്കടലിൽ പടവിലേറി
തോഴരുമൊത്തു വലയിറക്കാൻ
സൈമൺ തുനിഞ്ഞു നഥാനിയേലും
തോമസും ജോണുമൊന്നിച്ചു ചേർന്നു
"മാനുഷബന്ധനം" തൂത്തെറിഞ്ഞാ–
മീനം പിടിത്തപ്പണി തുടർന്നു
കൊള്ളിപുകയുകിലെന്തുചെയ്യും
തള്ളിക്കളയുകയെന്നതെന്യേ? 624

മുക്കവവൃത്തിയിലാഴ്ന്നിരുന്നോർ
"മാർഗ്ഗം" തെളിപ്പവരായി മുന്നം
വെട്ടം പരത്തിയോൻവിട്ടുപോയി
മുട്ടുപാടേറേ, നിരാശയായി

615–624 യേശുവിന്റെ കുരിശുമരണത്തിനു ശേഷം ശിഷ്യന്മാർ പഴയ പണിയിലേക്ക് കുട്ടിത്തം–കുട്ടികളുടെ സ്വഭാവം. ഒന്നാംകിടയിൽ പെടാത്തതു, ഉപേക്ഷിച്ചതിലേക്കു വീണ്ടും തിരിയുക ഗൗരവബുദ്ധികൾക്ക് ചേർന്നതല്ല.
പടവിൽ കയറി ആഴക്കടലിൽ വലയിറക്കാൻ സൈമൺ ഒരുങ്ങി. നഥാനിയേലും തോമസും ജോണും സൈമനോടു ചേർന്നു. "മനുഷ്യപ്പിടിത്ത" പ്പണി ഉപേക്ഷിച്ചു മത്സ്യം പിടിത്തത്തിലേക്കു തിരിച്ചു പോക്ക്
മീനം പിടിത്തം – മത്സ്യപ്പിടിത്തം
പുകഞ്ഞകൊള്ളിതള്ളിക്കളയുകയല്ലേ നിവൃത്തിയുള്ളൂ
626 – 634 പിന്തിരിയലിനു കാരണം
"മാർഗ്ഗം" തെളിപ്പവർ – ക്രിസ്തുവിന്റെ വഴികാണിച്ചു കൊടുക്കുന്നവർ
മുട്ടുപാട് – മറിപ്പ്
യേശുവിന്റെ മരണത്തിനു ശേഷം ശിഷ്യന്മാർക്കു നിരാശയായി. എല്ലാം ശരിയാവുമെന്നു കരുതി അവർ മീൻപിടിത്തത്തിലേക്കു തിരിഞ്ഞു.
ക്രൂശിതൻ..... പണിവതെങ്ങോ? ക്രൂശിതൻ കാണിച്ച വഴി എവിടെ? ഇപ്പോഴത്തെ മീൻപിടിത്തമെവിടെ?

മത്സ്യം പിടിത്തത്തിലായവർക്കു–
ള്ളുത്സാഹമൊട്ടും കുറഞ്ഞിട്ടില്ല
ഒക്കുമെല്ലാമെന്നങ്ങോർത്തുകൊണ്ടാ–
മുക്കവമക്കൾ വലയെറിഞ്ഞു
ക്രൂശിതൻ കാണിച്ച പാതയെങ്ങി–
ക്ലേശിതരിപ്പോൾ പണിവതെങ്ങോ? 634

രാത്രിമുഴുവൻ വലയെറിഞ്ഞോ–
രെത്രവിഷാദക്കയത്തിലായി!
മുന്തിരിത്തോട്ടം പണിതിടേണ്ടോർ
പിന്തിരിപ്പന്മാരായ് മാറിയാലോ?
പ്രത്യൂഷസ് വേളയിലാഴിവക്കിൽ
പ്രത്യാശ തന്റെ കനത്ത ശബ്ദം
"വീശുക ജാലം വലതുഭാഗ–

635–646 അത്ഭുതമീൻ പിടിത്തം

രാത്രി..... ലായി ! രാത്രിമുഴുവൻ നിഷ്ഫലമായി വലവീശൽ. അവർ വിഷാദത്തിലായി. മുന്തിരിത്തോട്ടം ..... മാറിയാലോ? മുന്തിരിത്തോട്ടം പണിയാണു അവരുടെ ചുമത ല. ക്രിസ്തുവിന്റെ സുവിശേഷ പ്രചാരണമാണത്. ഇപ്പോൾ അവർ ലക്ഷ്യം മറന്നു പിന്തിരിപ്പന്മാരായി മാറി.

പ്രത്യൂഷസ്വേള – പ്രഭാത വേള

പ്രത്യാശയുടെ ശബ്ദം അവർ കേട്ടു

"വള്ളത്തിന്റെ വലത്തു വശത്തു വലയിടുക. അപ്പോൾ നിങ്ങൾക്കു കിട്ടും" (യോഹ 21: 5–6). ജാലം – വല

649 – 670 അജപാലനത്തിനു തീട്ടൂരം പത്രേസിന്

കന്യാകാനന്ദനൻ – യേശു. കന്നത്തം – മുട്ടാളത്തം, വെടിപ്പുകേട്

മുന്നൂരു.... കാരനോട്.. മൂന്നു പ്രാവശ്യം ഗുരുവിനെ തള്ളിപ്പറയുക എന്ന തെറ്റു പത്രോസ് ചെയ്തിട്ടുണ്ടല്ലൊ.

യേശു ശിമയോൻ പത്രോസിനോടു ചോദിച്ചു: "യോഹന്നാന്റെ പുത്രനായ ശിമയോ നെ, നീ ഇവരേക്കാളധികമായി എന്നെ സ്നേഹിക്കുന്നുവോ" അദ്ദേഹം പറഞ്ഞു "ഉവ്വ്, കർത്താവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നുവെന്ന് അങ്ങേക്കു അറിയാമ ല്ലൊ. അവിടുന്നു അദ്ദേഹത്തോടുപറഞ്ഞു. എന്റെ ആടുകളെ മേയിക്കുക (യോഹ : 21:15)

തീട്ടൂരം – രാജകീയദാനരേഖ. അജപാലനം – ആടുമേയിക്കൽ

ത്താശ്വാസം നിങ്ങൾക്കു ലഭ്യമാകും”
അത്ഭുത മത്സ്യപ്പിടിത്തമായി
ഉത്ഭൂതമായി ശിഷ്യർക്കു മോദം
യേശുവാണെന്നു ധരിച്ചവരാ–
ദേശിക സന്നിധിയോടിയെത്തി
ഒന്നല്ല രണ്ടല്ല മൂന്നുവട്ടം
കന്യകാനന്ദനൻ ചോദ്യമിട്ടു
മൂന്നുരുതള്ളിപ്പറഞ്ഞുപോയ
കന്നത്തം കാട്ടലുകാരനോടു:
“സ്നേഹിപ്പതുണ്ടോ നീ എന്നെ മറ്റു–
ശ്ലീഹന്മാരേക്കാളധികമായി?”
പ്രത്യുത്തരിച്ചപ്പോൾ യോനായുടെ
പുത്രനാകും സീമോനിപ്രകാരം
“ഉവ്വ്, ഗുരോ നീയറിയുന്നല്ലൊ
ചൊവ്വെ ഞാൻ സ്നേഹിച്ചിടുന്നു നിന്നെ”

646

മെയിക്കെൻ മേഷത്തെ – എന്റെ ആടിനെ മേയിക്കുക.

നാടുവെടിഞ്ഞോൻ – യേശു. കുരിശുമരണത്തിനു ശേഷമാണല്ലോ ഈ ഉത്ഥാന ദർശനം

മോഹാധികാരം – പ്രിയം മൂലം അധികം കൊടുക്കുന്ന അധികാരം

സ്നേഹമില്ലാത്ത..... ഞെരുക്കമത്രെ. സ്നേഹമില്ലാത്ത ഭരണം

അസഹനീയമത്രെ, സ്നേഹവും അധികാരവും തമ്മിലുള്ള ബന്ധം വെളിപ്പെടുത്തുന്നു.

സ്വർണ്ണമുടി– വടിയുമുള്ളോർ – ഭരണാധികാരികൾ

ഗണ്യം – ഗണിക്കത്തക്കത്. ഭരണ തത്ത്വം – ഭരണയാഥാർത്ഥ്യം

671–676 സ്നേഹവും പരിണതഫലമായ കുരിശുതാങ്ങലും പത്രോസിന് ഉണ്ടായപ്പോൾ

സാത്താ..... യൊരിക്കൽ– സാത്താനെന്നു ഒരിക്കൽ ആക്ഷിപ്തനായി. പീഡാനുഭവത്തിൽ നിന്നു ഗുരുവിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ച പത്രോസിനോട് “സാത്താനേ, നീ എന്റെ മുമ്പിൽ നിന്നു പോകൂ” എന്നു പറഞ്ഞു. (മത്താ 16–23)

ചോദ്യമാവർത്തിച്ചുമൂന്നുവട്ടം
പ്രത്യുത്തരം താനുമപ്രകാരം
ഏറ്റുപറഞ്ഞൊരസ്നേഹത്തിന്നു
തീട്ടുരം കിട്ടിയജപാലനം
"മേയിക്കെൻ മേഷത്തെയെന്നരുളി
വാഴിച്ചു ആടിന്നിടയനാക്കി
ആടുമേയിക്കൽ തുടർന്നിടുവാൻ
നാടുവെടിഞ്ഞോൻ തെളിച്ചുമാർഗ്ഗം
സ്നേഹമല്ലാതൊരുയോഗ്യതയീ-
മോഹാധികാരത്തിൻ പിന്നിലില്ല
സ്നേഹമില്ലാത്ത ഭരണമായാൽ
സഹ്യമല്ലാത്ത ഞെരുക്കമത്രേ
സ്വർണ്ണമുടിയും വടിയുമുള്ളോർ
ഗണ്യമാക്കട്ടീ ഭരണതത്ത്വം." 670

സാത്താനെന്നാക്ഷിപ്തനായൊരിക്കൽ
ആദ്ധ്യക്ഷ്യസ്ഥാനസംലബ്ധിയിപ്പോൾ
ക്രൂശിനെപ്പേടിച്ചകന്നുനിന്നോൻ
ക്രൂശുതഴുകുന്ന തോഴനായി
രക്തസാക്ഷിത്വം വരിപ്പതില-
ബ്ഭക്ത; നപ്പസ്തോലമുമ്പനായി. 676

ആക്ഷിപ്തൻ – നിന്ദിക്കപ്പെട്ടവൻ, അധിക്ഷേപിക്കപ്പെട്ടുവൻ
ആദ്ധ്യക്ഷ്യസ്ഥാനസംലബ്ധി – ആടുകളെമേയിക്കുന്നതിനുള്ള അധികാരമാണ് ഇവിടെ സൂചിപ്പിക്കുന്നത്.
ക്രൂശിനെ.... ന്നോൻ– പീഡാസഹനത്തിൽ നിന്നു യേശുവിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചതു ക്രൂശിനെ ഭയപ്പെട്ടതുകൊണ്ടാണ്.
ക്രൂശു... തോഴനായി– ക്രൂശിനെ തഴുകുന്നവനായി.
രക്തസാ... മുമ്പനായി– ആദ്യമായി രക്തസാക്ഷിത്വം വരിച്ച അപ്പസ്തോലൻ വി. പത്രോസാണ്.

4

വാഗ്ദാനം

(നതോന്നത)

വിളംബരം ചെയ്തു മുന്നം
ഗിരി ശൃംഗമുഖത്തിലെ
തെളിഞ്ഞ ശിഖരത്തിങ്കൽ
നിറഞ്ഞു ദൈവം
മോറിയാമലയിൽ കേട്ടു
അബറാഹാം ദൈവാദേശം
ഹോറേൻ ഗിരിതടത്തിങ്കൽ
മൂശാറബ്ബിയും
വന്നുചേർന്നു നവ്യയുഗം
ഗലീലമലയിലേറി
ചൊന്നിടുന്നു ശിഷ്യന്മാരോ–
ടുത്ഥാനം ചെയ്തോൻ
നിർദ്ദിഷ്ടരാം ശിഷ്യവ്യൂഹം
പതിനൊന്നു പേരുമൊപ്പം
നിർദ്ദര തടത്തിൽകൂടി
ശ്രദ്ധയാളവേ 692

---

677 – 692 മലമുകളിൽ നിന്നു ദൈവത്തിന്റെ സ്വരം.

ഗിരിശൃംഗങ്ങളിൽ നിന്നു ദൈവത്തിന്റെ സ്വരം ശ്രവിച്ച സന്ദർഭങ്ങൾ പഴയനിയമത്തിലുണ്ട്.

അബറാഹാം മോറിയാമലയിൽ ദൈവാദേശം കേട്ടു; ഹോറേൻ ഗിരിതടത്തിൽ മൂശാനിബിയും.

ആദേശം – ഉപദേശം, കല്പന

മോറിയാ – അബ്രാഹം ഇസഹാക്കിനെ ബലി കഴിപ്പാൻ കൊണ്ടുപോയ മലമ്പ്രദേശം ഉല്പത്തി: 22 :2. ജറുസലേം ദൈവാലയം ഈ സ്ഥലത്താണു പണിയപ്പെട്ടതെന്നു വിചാരിക്കുന്നവരുണ്ട്.

ഹോറേൻ – പുറപ്പാടു പുസ്തകം 3–ാം അദ്ധ്യായത്തിൽ മോശയ്ക്കുണ്ടായ ഹോറേൻ മലയിലെ ദർശനം വിവരിച്ചിട്ടുണ്ട്. മുൾപ്പടർപ്പു എരിയാതെ, കത്തുന്ന അഗ്നി കണ്ട സംഭവം.

വന്നു ചേർന്നു ..... ചെയ്തോൻ. പുതിയ നിയമം വന്നു. ഗലീല മലയിൽ ക്രിസ്തു

“അധികാരമഖിലവും
ദത്തമായിരിക്കുന്നെന്നിൽ
ക്ഷിതിയിലും ദിവത്തിലും
ഉള്ളതൊക്കെയും
നിങ്ങൾപോകൂ, പഠിപ്പിക്കൂ,
ശിഷ്യരാക്കൂ, സ്നാനം നല്കൂ,
നിങ്ങളോടൊത്തുണ്ടാകും ഞാൻ
യുഗാന്തം വരെ”
പൗരോഹിത്യം, ആചാര്യത്വം,
രാജത്വംത്രയങ്ങളങ്ങിൽ
വിരാജിച്ചു സ്വർഗ്ഗ പ്രഭ
പ്രസരിപ്പിച്ചു
ശുദ്ധീകരണക്കുപ്പായം
ധരിപ്പിപ്പൂപുരോഹിതൻ
ബോധ്യം നല്കിവളർത്തുന്നു
ആചാര്യപാദർ
നല്ലവഴിനടത്തുന്നു
തോളിലേറ്റി നിയന്താവ്
എല്ലാമൊത്തസംസർഗ്ഗം താൻ
ദിവ്യ സംസർഗ്ഗം 712

ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു. ഉത്ഥാനം ചെയ്തോൻ ശിഷ്യന്മാരോടു പറയുന്നു. നിർദ്ദരതടം – കടുപ്പമുള്ള മലയിടുക്ക്. നിർദിഷ്ട – നിർദ്ദേശിക്കപ്പെട്ട നിർദിഷ്ട... മൊപ്പം. മുന്നറിയപ്പോടുകൂടി ഉണ്ടായതാണ് ഗലീലയിലെ ദർശനം.

695–712 യേശു അരുളിച്ചെയ്തു: സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വ അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. അതു കൊണ്ടു നിങ്ങൾ പോയി സർവ്വ ജനപദങ്ങളേയും ശിഷ്യപ്പെടുത്തി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളവയെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഞാൻ ലോകാവസാനം വരെ എന്നാളും ഞാൻ നിങ്ങളോടു കൂടി ഉണ്ടായിരിക്കും. (മത്താ : 28: 16–20)

പൗരോഹിത്യം... പ്രസരിപ്പിച്ചു. പൗരോഹിത്യം, ആചാര്യത്വം, രാജത്വം, എന്നീ അധികാരങ്ങളാണ് ക്രിസ്തുവിലുണ്ടായിരുന്നത്, ആ സ്വർഗ്ഗീയ പ്രഭ ക്രിസ്തുപ്രസരിപ്പിച്ചു.

വിദ്യുൽകേന്ദ്രം തൊട്ടുനിൽക്കും
ശലാകകളനുക്ഷണം
വിദ്യുൽപ്രവാഹവാഹിയായ്
പകരുമ്പോലെ
രക്ഷാകരവ്യാപാരത്തിൻ
ശക്തിശിഷ്യർക്കേകി ഗുരു
രക്ഷീച്ചീടാൻ പഠിപ്പിക്കാൻ
നിയന്ത്രിക്കുവാൻ
അപ്പസ്തോലവ്യൂഹത്തിനു
ലബ്ധമായ പുരുശക്തി
ഇപ്പാരിടം അഖിലവും
ത്രസിക്കേണ്ടതാം
ഇസ്രായേലിൽ മാത്രമല്ല
സർവ്വദേശത്തും ഭാഗത്തും
വിശ്രമമില്ലാതെ ശിഷ്യർ
പണിയെടുത്തു
സർവ്വകാലത്തും ദേശത്തും
വേണ്ടതാണീരക്ഷായത്നം
ഉർവ്വിനാഥനുറപ്പിച്ചു
മൂലബന്ധനം
"നിങ്ങളോടൊത്തുണ്ടാകും ഞാൻ
ലോകത്തിന്റെ യന്ത്യം വരെ"
മംഗളമായ് നീങ്ങിക്കൊള്ളൂ
ഭയപ്പെടേണ്ടാ. 736

ശുദ്ധീകരണ... നിയന്താവ്. പുരോഹിതൻ ശുദ്ധീകരിക്കുന്നു, ആചാര്യൻ അറിവുപകരുന്നു, നേതാവു വഴി നടത്തുന്നു.
എല്ലാമൊത്ത... ദിവ്യസംസാർഗ്ഗം– ശുദ്ധീകരണവും അറിവുപകരലും വഴിനടത്തലുമുള്ള കൂട്ടായ്മയാണ് സഭയുടെ കൂട്ടായ്മ.
ദിവ്യസംസർഗ്ഗം – സഭയിലെ ദിവ്യമായ കൂട്ടായ്മ
715–736 ക്രിസ്തുവിന്റെ അധികാരദാനം
ശലാക – ഇരുമ്പുകമ്പി
വിദ്യുൽപ്രവാഹവാഹി – ആലക്തിക ശക്തിയെ വഹിക്കുന്നത്
ത്രസിക്കുക – മിടിക്കുക.

1420

"വഴി, സത്യം, ജീവൻ"

-ക്രിസ്തുചരിത്രം മൈബഞ്ചിലിലൂടെ

ഗ്രന്ഥകർത്താ: വി.കിളിച്ചിമല

ഈ ക്രിസ്തു ചരിത്രത്തേക്കുറിച്ചു റവ. ഡോ. എ. അടപ്പൂർ എസ്.ജെ. എഴുതുന്നു.

"....പ്രതിപാദനം ലളിതവും സുന്ദരവുമാണ്. - യേശുവിന്റെ പ്രബോധനങ്ങളും വ്യക്തിത്വവും മനസ്സിലാക്കാനുപകരിക്കുന്ന ഭിന്ന സന്ദർഭങ്ങളും വിഷയങ്ങളും അവതരിപ്പിക്കാൻ തീരുമാനിച്ചതു വളരെ ഉചിതമായി. അവസാനഭാഗത്തു ചേർത്തിരിക്കുന്ന വിഷയസൂചികയുടെ സഹായത്തോടെ ഏതെങ്കിലും വിഷയമോ സന്ദർഭമോ തിരഞ്ഞെടുത്തു പഠിക്കാൻ വായനക്കാരനു സൗകര്യം കിട്ടുന്നു എന്നതും ഈ കൃതിയുടെ നന്മയാണ്. കവർ പേജിലെ ചിത്രങ്ങളും, ലേ ഔട്ടും വളരെ ഹൃദയസ്പർശിയായിട്ടുണ്ട്. ഗ്രന്ഥകർത്താവിന്റെ പ്രസ്താവന അതീവ ഹൃദ്യവും വിജ്ഞാനപ്രദവുമായി തോന്നി. കിളിച്ചിമലയച്ചന്റെ 'സർഗ്ഗാത്മകജീവിതത്തിന്റെ ധന്യത' എന്നു ഓണക്കൂർ ഈ കൃതിയെ വിശേഷിപ്പിച്ചതും മനോഹരമായി."

ആവശ്യപ്പെടുക,

വിമലാ ബുക്സ്

കോളേജ് റോഡ്

പുഷ്പഗിരി, തിരുവല്ല - 689 101

പേജ് 410, വില 180, ആകർഷകമായ കമ്മീഷൻ.



കുരിശിന്റെ നീരവസ്വരം

ഖണ്ഡകാവ്യം

വി. കിളിച്ചിമല

ശ്രീ. തിരുമൂലപുരം നാരായണൻ എഴുതുന്നു:

രൂപഭാവശില്പങ്ങളാലും രചനാവൈഭവത്താലും ഈ കൃതി വേറിട്ടുനിൽക്കുന്നു..... കാവ്യഭംഗി അതിന്റെ പരകോടിയിലെത്തി നിൽക്കുന്ന ഏതാനും സന്ദർഭങ്ങളിതാ

"പങ്കിലമാനസർ സ്വന്തപാപ-
ച്ചെങ്കടൽ തെല്ലുമേ കാണ്മതില്ല
ക്രിസ്തുവിൻ ചാരത്തു നിന്നുയർന്നു
സത്യനുതാപമില്ലാത്ത ശബ്ദം"

"കുരിശിന്മേൽ യേശു പിടഞ്ഞിടും നേരം
അരുണബിംബത്തെമറച്ചിരുൾച്ചുരുൾ
വസുന്ധരയുടെ ഹൃദയം ദേദ്യമായ്
ശ്വസനനമ്പരന്നചഞ്ചലനായി"

"നസ്രായനേശു തന്റെ സുശ്രുതകഥനങ്ങൾ
ഇസ്രായേൽ വിശേഷമായ് കഥിച്ചാർ വ്യഥിതന്മാർ
ആശിച്ചതൊരുവിധം ക്ലേശിപ്പതനുദവം
ഏശിയ തെല്ലാമോർത്താൽ ദുഃഖിപ്പാൻ മാത്രം ന്യായം"

"വിദ്യുൽകേന്ദ്രം തൊട്ടുനിൽക്കും ശലാകകളനു ക്ഷണം
വിദ്യുൽ പ്രവാഹവാഹിയായ് പകരുമ്പോലെ
രക്ഷാകരവ്യാപാരത്തിൻ ശക്തി ശിഷ്യർക്കേകി ഗുരു
രക്ഷിച്ചീടാൻ പഠിപ്പിക്കാൻ നിയന്ത്രിക്കുവാൻ"

കവിയായി ജനിച്ചു, കവിയായി വളരുന്ന കൃതഹസ്തനായ ഒരു കവിക്കുമാത്രമേ ഇമ്മട്ടിലുള്ള കവിത രചിക്കാനാകൂ. യേശു മിശിഹായുടെ ചുംബനമേറ്റിട്ടുള്ളതാണ് ഈ കവിഹൃദയമെന്നു നിസ്സംശയം പറയാം."

വിതരണം: ദീപിക ബുക്ക് ഹൗസ്
വില: 35 രൂപ